©
**കേരള സർക്കാർ**
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 13** Vol. XIII | **തിരുവനന്തപുരം, വ്യാഴം** Thiruvananthapuram, Thursday | **2024 ഫെബ്രുവരി 29** 29th February 2024 **1199 കുംഭം 16** 16th Kumbham 1199 **1945 ഫാൽഗുനം 10** 10th Phalguna 1945 | **നമ്പർ** No. | **764** |

കേരള സർക്കാർ

**ആരോഗ്യവും കുടുംബക്ഷേമവും (എഫ്.ഡബ്ല്യൂ.) വകുപ്പ്**

വിജ്ഞാപനം

സ. ഉ. (പി) നമ്പർ 10/2024/ആ.കു.വ.

*തിരുവനന്തപുരം, 2024 ഫെബ്രുവരി 19*
*1199 കുംഭം 6.*

**എസ്. ആർ. ഒ. നമ്പർ 215/2024**

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ (2018-ലെ 2-ാം ആക്റ്റ്) 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരളത്തിലെ ഹോമിയോപ്പതി ചികിത്സാ സ്ഥാപനങ്ങൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പാലിക്കേണ്ടതായ നിലവാരം നിർണ്ണയിച്ചുകൊണ്ട്, കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

**ചട്ടങ്ങൾ**

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2023-ലെ കേരള ഹോമിയോപ്പതി ക്ലിനിക്കൽ സ്ഥാപനങ്ങൾ (നിലവാരം നിർണ്ണയിക്കൽ) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018-ലെ 2-ാം ആക്റ്റ്) എന്നർത്ഥമാകുന്നു;

(ബി) "അനുബന്ധം" എന്നാൽ ഈ ചട്ടത്തിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള അനുബന്ധം എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും, എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, യഥാക്രമം, അവയ്ക്ക് ആക്റ്റിൽ നൽകപ്പെട്ടിട്ടുള്ള അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്.

3. ഹോമിയോപ്പതി ഡിസിപെൻസറി വിഭാഗം തരം 1 പാലിക്കേണ്ടതായ നിലവാരങ്ങൾ.—

(1) **നിർവചനം:—**

ഹോമിയോപ്പതി ഡിസിപെൻസറി വിഭാഗം തരം 1 ക്ലിനിക്ക് എന്നാൽ, ഹോമിയോപ്പതി ചികിത്സകർ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ്* ഹോമിയോപ്പതി ചികിത്സകർ ഒ.പി.യിൽ ചികിത്സക്ക് എത്തുന്ന രോഗികൾക്ക് പരിശോധന, ചികിത്സാനിർദേശം നൽകൽ, മരുന്ന് കുറിപ്പടി നൽകൽ, മരുന്നുകൾ വിതരണം ചെയ്യൽ എന്നീ സേവനങ്ങൾ ലഭ്യമാക്കുന്ന ഒരു ചികിത്സാ സ്ഥാപനം എന്ന് അർത്ഥമാകുന്നതും ഇതിൽ ചെറിയ ചില നടപടിക്രമങ്ങളായ മുറിവ് വച്ചുകെട്ടൽ, മുറിവ് തുന്നൽ, ഇൻസിഷൻ & ഡ്രെയിനേജ് പ്രക്രിയ, ശരീരത്തിനകത്ത് കയറിയ അന്യവസ്തുക്കൾ പുറത്തെടുക്കൽ, പ്രഥമശുശ്രൂഷ മുതലായവ ചെയ്യുകയും ആധുനിക രോഗനിർണയ രീതികൾ ഉപയോഗിക്കലും കിടത്തി ചികിത്സ ആവശ്യമില്ലാത്ത രോഗങ്ങൾക്ക് മരുന്ന് നൽകുകയും ചെയ്യുന്നത് ഉൾപ്പെടുന്നതുമാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) **വ്യാപ്തി:—**ഈ ചട്ടത്തിൽ പറയുന്ന നിലവാരങ്ങൾ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ബാധകമാണ്, അതായത്;

(i) ഈ ഗണത്തിൽ പെടുന്ന ഏറ്റവും കുറഞ്ഞ പൊതുമാനദണ്ഡങ്ങൾ, രോഗികൾക്ക് ചികിത്സാ നിർദേശം നൽകൽ, മരുന്നുകൾ വിതരണം ചെയ്യൽ പോലുള്ള നടപടിക്രമങ്ങളിലൂടെ ആരോഗ്യ പരിചരണ സേവനങ്ങൾ നൽകുന്ന ഒന്നോ അതിലധികമോ ഹോമിയോപ്പതി ചികിത്സകർ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് ഹോമിയോപ്പതി ചികിത്സകർ എന്നിവർക്ക്;

(ii) മരുന്ന് കുറിപ്പടി, നിർദ്ദേശം നൽകൽ, അവർക്ക് ചികിത്സ, രോഗികളെ പരിശോധിക്കൽ എന്നിവ ചെയ്യുന്ന ഒന്നോ അതിലധികമോ ഹോമിയോപ്പതി ചികിത്സകർ, അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് ഹോമിയോപ്പതി ചികിത്സകർ എന്നിവർക്ക്;

(iii) ആരോഗ്യ വിദ്യാഭ്യാസത്തിനും ആരോഗ്യപ്രചരണത്തിനും, രോഗ പ്രതിരോധത്തിനുമുള്ള നിർദേശങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ;

(iv) താഴെ പ്പറയുന്നവയിൽ ഏതെങ്കിലും ഒന്നോ അതിലധികമോ ചികിത്സകൾ നൽകുന്ന സ്ഥാപനങ്ങൾ, അതായത്;

(എ) പൊതുവായ ഒ.പി. ചികിത്സ;

(ബി) ആസ്ത്മയും അലർജിയും;

(സി) ത്വക് രോഗം;

(ഡി) കുട്ടികളുടെയും കൗമാരക്കാരുടെയും പരിചരണം;

(ഇ) അർബുദ പരിചരണം;

(എഫ്) എൻഡോക്രൈനോളജി (അന്തഃസ്രാവി ഗ്രന്ഥികളുമായി ബന്ധപ്പെട്ട പരിചരണം);

(ജി) സാംക്രമികേതര രോഗങ്ങൾ (എൻ.സി.ഡി.);

(എച്ച്) മാനസികാരോഗ്യ പരിചരണം;

(ഐ) വൃക്കസംബന്ധമായ തകരാറുകൾ;

(ജെ) വന്ധ്യത നിവാരണവും ശിശു പരിചരണവും;

(കെ) വയോജന രോഗങ്ങളും വാതസംബന്ധിയായ രോഗങ്ങളും;

(എൽ) ലഹരി വിമുക്തി ചികിത്സ മുതലായവ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(v) യോഗ്യതയുള്ള വ്യക്തികളുടെ മേൽനോട്ടത്തിൽ, സർക്കാർ അംഗീകൃത ആരോഗ്യ പരിപാലന രീതികളായ യോഗ, ഫിസിയോതെറാപ്പി, കൗൺസിലിങ് എന്നിവ ചെയ്യുന്ന സ്ഥാപനങ്ങൾ.

കുറിപ്പ്:—സ്പെഷ്യലിസ്റ്റ്/സ്പെഷ്യാലിറ്റി എന്നത് ഹോമിയോപ്പതിക് ചികിത്സകരുടെ വിദ്യാഭ്യാസ യോഗ്യതയല്ല, മറിച്ച് സ്പെഷ്യാലിറ്റി ക്ലിനിക്ക് ഏത് രോഗത്തിന് വേണ്ടിയാണോ പ്രവർത്തിക്കുന്നത് അതിനെയാണ് സൂചിപ്പിക്കുന്നത്.

(3) **അടിസ്ഥാന സൗകര്യങ്ങൾ:—**

(i) രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും, ജീവനക്കാർക്കും, സന്ദർശകർക്കും സ്വസ്ഥവും സുരക്ഷിതവുമായ അന്തരീക്ഷം ലഭ്യമാവുന്ന തരത്തിലുള്ള പശ്ചാത്തലസൗകര്യങ്ങൾ ആയിരിക്കണം ഉണ്ടാക്കേണ്ടതും നിലനിർത്തേണ്ടതും. അതിന്റെ പരിസരം വൃത്തിയുള്ളതായിരിക്കണം. അതോടൊപ്പം അതത് കാലങ്ങളിൽ പ്രാദേശികമായി നിലനിൽക്കുന്ന നിയമാവലികൾക്ക് വിധേയമായിരിക്കുകയും വേണം.

(ii) സ്ഥാപനത്തിന്റെ അടിസ്ഥാന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഏറ്റവും കുറഞ്ഞ സ്ഥലസൗകര്യം **അനുബന്ധം 1** പ്രകാരം ആയിരിയ്ക്കണം.

(iii) ക്ലിനിക്കൽ സംവിധാനം ആവശ്യത്തിന് ജലലഭ്യത ഉള്ളതും, വെളിച്ചമുള്ളതും, വായു സഞ്ചാരമുള്ളതും, വൃത്തിയുള്ളതും ആയിരിക്കണം.

(iv) ക്ലിനിക്/ഡിസ്പെൻസറിയുടെ പേര്, സ്ഥലത്തിന്റെ പേര് എന്നിവ പ്രാദേശിക ഭാഷയിൽ വ്യക്തമായി രേഖപ്പെടുത്തിയ ഒരു ബോർഡോ ഫലകമോ സ്ഥാപനത്തിന്റെ ഗേറ്റിലോ കെട്ടിടത്തിലോ പ്രദർശിപ്പിച്ചിരിക്കണം.

(v) ചുവടെ ചേർക്കുന്ന മറ്റു ബോർഡുകൾ പ്രദേശവാസികൾക്ക് മനസ്സിലാവുന്ന ഭാഷയിൽ വ്യക്തമായ രീതിയിൽ പ്രദർശിപ്പിച്ചിരിയ്ക്കണം.

(എ) ഡോക്ടറുടെ പേരും രജിസ്ട്രേഷൻ നമ്പറും;

(ബി) ക്ലിനിക്കിന്റെ പ്രവർത്തനസമയം;

(സി) ബന്ധപ്പെടാനുള്ള ഫോൺ നമ്പർ.

(4) **ഫർണിച്ചറുകളും ഫിക്സ്ചറുകളും:—**

(i) ഹോമിയോപ്പതി ഡിസ്പെൻസറിയിലെ ജോലിഭാരത്തിനും പ്രവർത്തനങ്ങൾക്കും അനുസരിച്ചുള്ളഫർണിച്ചറുകളുംഫിക്സ്ചറുകളുംസ്ഥാപനത്തിൽഉണ്ടായിരിക്കേണ്ടതാണ്;

(ii) ഫർണിച്ചറും ഫിക്സ്ചറുകളും മുഴുവൻ സമയവും ഉപയോഗയോഗ്യമായിരിക്കണം. ഇനങ്ങളുടെ സൂചന പട്ടികയ്ക്കായി **അനുബന്ധം 2** കാണുക.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) **മാനവ വിഭവ ശേഷി**

(i) ഹോമിയോപ്പതി ഡിസ്പെൻസറിയിലെ ഡോക്ടർ(മാർ) സംസ്ഥാന മെഡിക്കൽ കൗൺസിലിൽ പേര് രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്;

(ii) പൊതുമേഖലയിലുള്ള ഹോമിയോപ്പതി ഡിസ്പെൻസറിയിൽ, രോഗികളുടെ ചികിത്സയ്ക്കും പരിചരണത്തിനും സേവനത്തിനും ഡോക്ടറെ സഹായിക്കാനായി ഏറ്റവും കുറഞ്ഞത് ഒരാളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. എന്നിരുന്നാലും, അത് പൊതുമേഖലാ സ്ഥാപനത്തിന് സർക്കാർ അംഗീകരിച്ച മാനവ വിഭവശേഷിക്ക് അനുസൃതമായിരിയ്ക്കണം.

(iii) സ്വകാര്യ സ്ഥാപനത്തിലെ മാനവ വിഭവ ശേഷി സംബന്ധിച്ച കാര്യങ്ങൾ **അനുബന്ധം 3**-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും സ്ഥാപനം നൽകുന്ന സേവനങ്ങളുടെ വ്യാപ്തി, ജോലിഭാരം എന്നിവയ്ക്ക് അനുസരിച്ച് എണ്ണത്തിൽ വ്യത്യാസം വരുന്നതാണ്.

(6) **ഉപകരണങ്ങൾ, സാമഗ്രികൾ മരുന്നുകൾ**

(i) ഒരു ഹോമിയോപ്പതി ഡിസ്പെൻസറിയിൽ **അനുബന്ധം 4** പ്രകാരമുള്ള അവശ്യസാമഗ്രികൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്;

(ii) സേവനത്തിന്റെ വ്യാപ്തിക്കനുസരിച്ച് ആവശ്യമായ മറ്റ് സാമഗ്രികളും ഹോമിയോപ്പതി ഡിസ്പെൻസറിയിൽ ഉണ്ടായിരിക്കേണ്ടതാണ്;

(iii) സാധനസാമഗ്രികളും മരുന്നുകളും സൂക്ഷിക്കുവാൻ മതിയായ സ്ഥലം ഉണ്ടായിരിക്കേണ്ടതും മരുന്നുകൾ ഉള്ള പക്ഷം അവ സൂക്ഷിച്ചുവെക്കുന്നതിന് നിർമ്മാതാക്കളുടെ മാർഗനിർദേശങ്ങൾ പാലിക്കേണ്ടതുമാണ്. കൂടാതെ സാമഗ്രികളെല്ലാം ജോലിഭാരം ലഘൂകരിക്കുന്നതിന് സഹായകമാകുന്നവയായിരിക്കേണ്ടതുമാണ്;

(iv) സാമഗ്രികളെല്ലാം എല്ലായ്പ്പോഴും നന്നായി പ്രവർത്തനസജ്ജമായിരിക്കണം. അവ കൃത്യമായ ഇടവേളകളിൽ പരിശോധിക്കേണ്ടതും വൃത്തിയാക്കേണ്ടതും പരിപാലിക്കേണ്ടതുമാണ്;

(v) ഹോമിയോപ്പതി ക്ലിനിക്/ഡിസ്പെൻസറിയിൽ മരുന്ന് വിതരണം ഉണ്ടായിരിക്കേണ്ടതും ദീർഘകാല രോഗങ്ങളെല്ലാം ചികിത്സിക്കുന്നതിനാവശ്യമായ അനുബന്ധം 5 ൽ പ്രതിപാദിച്ചിട്ടുള്ള അത്യാവശ്യ അടിസ്ഥാന മരുന്നുകൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതുമാണ്. കൂടാതെ സേവനത്തിന്റെ വ്യപ്തിക്കനുസരിച്ച് ആവശ്യമായ മറ്റ് മരുന്നുകളും ഉണ്ടായിരിക്കുന്നതാണ്.

(7) **അനുബന്ധസേവനം:—**

(i) പൊതു മാലിന്യങ്ങൾ വേർതിരിക്കുന്നതും ശേഖരിക്കുന്നതും കൊണ്ടുപോകുന്നതും കൂട്ടിവെക്കുന്നതും നിർമാർജനം ചെയ്യുന്നതും തദ്ദേശ നിയമങ്ങൾക്ക് അനുസൃതമായിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(8) **നിയമപരമായ ആവശ്യകതകൾ:—**

| *ക്രമ നം.* | *നിയമത്തിന്റെയും ലൈസൻസിന്റെയും പേര്* | *ലൈസൻസിങ് ബോഡി* |
|---|---|---|
| 1 | ഡോക്ടറുടെ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ | സംസ്ഥാന മെഡിക്കൽ കൗൺസിൽ |
| 2 | ബയോ മെഡിക്കൽ മാനേജ്മെന്റ് ചട്ടം 2016 | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് |
| 3 | ഡിസ്പെൻസറി രജിസ്ട്രേഷൻ | സംസ്ഥാന കൗൺസിൽ-സി ഇ എ |

(9) **രേഖകളുടെ പരിപാലനവും റിപ്പോർട്ടിങ്ങും:—**

എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും അടിയന്തിര സാഹചര്യങ്ങളിലും ദുരന്ത സമയത്തും സാംക്രമിക രോഗങ്ങളുടെ സാഹചര്യത്തിലും അല്ലെങ്കിൽ സംസ്ഥാന-ദേശീയ പരിപാടികളോട് അനുബന്ധിച്ചും അല്ലെങ്കിൽ സമയാസമയങ്ങളിൽ സംസ്ഥാന-ദേശീയ കൗൺസിൽ ആവശ്യപ്പെടുമ്പോഴും വിവരങ്ങളും സ്ഥിതിവിവര കണക്കുകളും സമർപ്പിക്കേണ്ടത് എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളുടേയും ഉത്തരവാദിത്തമാണ്. സൂക്ഷിക്കേണ്ട രജിസ്റ്ററുകളുടെ പട്ടിക അനുബന്ധം 6-ൽ നൽകിയിട്ടുണ്ട്.

(10) **നടപടിക്രമം:—**

(i) *രജിസ്ട്രേഷൻ,—*

(എ) സേവനം ആവശ്യമുള്ള എല്ലാ രോഗികളും രജിസ്റ്റർ ചെയ്യേണ്ടതാണ്.

(ബി) അനുബന്ധം 7 പ്രകാരമുള്ള രോഗിയുടെ അവകാശങ്ങളെക്കുറിച്ചും ചുമതലകളെക്കുറിച്ചും മാർഗനിർദേശം നൽകുകയും വിവരം നൽകുകയും ചെയ്യേണ്ടതാണ്.

(ii) *അണുബാധ നിയന്ത്രണം,—*

(എ) അണുബാധ പ്രതിരോധിക്കുന്നതിന് കൈ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള എല്ലാ മുൻകരുതലുകളും ക്ലിനിക്കിൽ സ്വീകരിക്കേണ്ടതാണ്;

(ബി) ക്ലിനിക്കിന്റെ പ്രവൃത്തി സമയത്തുടനീളം കൈ കഴുകുന്നതിന് ശുദ്ധജലമോ ആവശ്യാനുസരണം അണുനാശിനിയോ ലഭ്യമാക്കേണ്ടതാണ്;

(സി) ശുചിമുറികൾ ഉണ്ടെങ്കിൽ അവ വൃത്തിയാക്കുകയും അണുവിമുക്തമാക്കുകയും ചെയ്യേണ്ടതാണ്;

(ഡി) രോഗി പരിചരണ സ്ഥലങ്ങൾ ദിവസേന ചുരുങ്ങിയത് ഒരു തവണയെങ്കിലും അണുനാശിനി ഉപയോഗിച്ച് തുടച്ച് വൃത്തിയാക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) *സുരക്ഷാ പരിഗണനകൾ,—*

(എ) രോഗിയുടെ സുരക്ഷ സംബന്ധിച്ച കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നു എന്ന് ക്ലിനിക് ഉറപ്പുവരുത്തേണ്ടതാണ്;

(ബി) ക്ലിനിക് കീടങ്ങളിൽ നിന്നും ചിതലിൽ നിന്നും മുക്തമായിരിക്കണം.

(iv) *ബയോ മെഡിക്കൽ മാലിന്യസംസ്കരണം,—*

(എ) ബയോ മെഡിക്കൽ മാലിന്യങ്ങൾ 2016-ലെ ബയോ മെഡിക്കൽ മാലിന്യസംസ്കരണ ചട്ടങ്ങൾക്ക് അനുസരിച്ചായിരിക്കണം സംസ്കരിക്കേണ്ടത്;

(ബി) ക്ലിനിക്കിലെ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കേണ്ടതാണ്;

(സി) സൂചികളും മറ്റ് മൂർച്ചയുള്ള വസ്തുക്കളും കേടുവരുത്താനാവാത്തതും ചോർച്ചയില്ലാത്തതും വിള്ളലുകളില്ലാത്തതുമായ പാത്രങ്ങളിൽ സൂക്ഷിക്കേണ്ടതാണ്.

(v) *പ്രഥമ ശുശ്രൂഷ,—*

(എ) പ്രഥമ ശുശ്രൂഷ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടായിരിക്കേണ്ടതാണ്.

(ബി) അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട ആംബുലൻസ്, ആശുപത്രി തുടങ്ങിയവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**അനുബന്ധം 1**

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

[ചട്ടം 3(3) (ii) കാണുക]

| *ക്രമ നമ്പർ* | *സ്ഥല സൗകര്യം* | *ആവശ്യമായ വിസ്തീർണം* | *അഭിപ്രായക്കുറിപ്പ്* |
|---|---|---|---|
| 1 | പൊതുവായ ഇടം (സ്വീകരണ മുറിയും<br><br>കാത്തിരിപ്പ് സ്ഥലവും) | 30 ച. അടി. തറ വിസ്തീർണ്ണം | ആവശ്യമായ വായു സഞ്ചാരവും വെളിച്ചവും ലഭ്യമാക്കുക |
| 2 | പരിശോധനാ മുറി (അനുബന്ധ മുറി) | 70 ച. അടി(മരുന്ന് വിതരണം, സംഭരണം ഉൾപ്പെടെ) | ആവശ്യമായ സ്വകാര്യതയും, വായു സഞ്ചാരവും വെളിച്ചവും ലഭ്യമാക്കുക |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>കുറിപ്പ്</u>: 1. സ്വീകരണ മുറി, കാത്തിരിപ്പ് സ്ഥലം, ചികിത്സാ മുറി, മരുന്ന് സൂക്ഷിച്ചുവെക്കുന്ന മുറി മുതലായ ഇടങ്ങളിൽ ആശുപത്രിയുടെ തിരക്കിനും ആവശ്യകതയ്ക്കും അനുസരിച്ച് സൗകര്യമൊരുക്കിയിരിക്കണം.

2. മരുന്നു കൊടുക്കുന്ന സ്ഥലത്തിനെ കാത്തിരിപ്പ് സ്ഥലം, ചികിത്സാ മുറി എന്നിവയിൽ നിന്ന് വേർതിരിക്കുന്നത് ദൃഢമായ മറ ഉപയോഗിച്ചായിരിക്കണം.

**അനുബന്ധം 2**

<u>ഫർണിച്ചറുകളും ഫിക്സ്ചറുകളും</u>

[ചട്ടം 3(4) (ii) കാണുക]

| *ക്രമ നം.* | *സാമഗ്രികൾ* |
|---|---|
| 1 | പരിശോധന മേശ |
| 2 | ഡോക്ടർക്ക് ഇരിക്കാനുള്ള കസേര |
| 3 | കാത്തിരിപ്പ് സ്ഥലത്ത് രോഗികൾക്ക് ഇരിക്കാനുള്ള കസേരകൾ |
| 4 | രോഗികൾക്കും കൂടെ വരുന്നവർക്കും ഇരിക്കാനുള്ള കസേരകൾ |
| 5 | മരുന്ന് സൂക്ഷിക്കാൻ മതിയായ സൗകര്യം. |
| 6 | മരുന്ന് വിതരണം ചെയ്യാൻ മതിയായ സൗകര്യം. |
| 7 | ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമാർജനം ചെയ്യാനുള്ള സൗകര്യം |
| 8 | പ്രത്യേക സേവനങ്ങൾ ലഭ്യമാണെങ്കിൽ അതുമായി ബന്ധപ്പെട്ട സൂചനാ ബോർഡുകൾ |

**അനുബന്ധം 3**

<u>സ്വകാര്യ മേഖലയ്ക്ക് വേണ്ടിയുള്ള മാനവിക വിഭവ ശേഷി</u>

[ചട്ടം 3 (5) (iii) കാണുക]

| *ക്രമ നമ്പർ* | *തസ്തിക* | *എറ്റവും ചുരുങ്ങിയ ആവശ്യകത* |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ | 1 |
| 2 | ഹെൽപർ | 1 |

**അനുബന്ധം 4**

<u>സാമഗ്രികൾ/ഉപകരണങ്ങൾ</u>

[ചട്ടം 3 (6) (i) കാണുക]

| *ക്രമ നമ്പർ* | *ഉപകരണം* | *ഏറ്റവും ചുരുങ്ങിയ മാനദണ്ഡം* | *എണ്ണം* |
|---|---|---|---|
| 1 | സ്റ്റെതസ്കോപ്പ് | | 1 |
| 2 | തെർമോമീറ്റർ | | 1 |
| 3 | ടോർച്ച് (ഫ്ലാഷ് ലൈറ്റ്) | | 1 |
| 4 | ബി.പി. അപാരറ്റസ് | | 1 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**അനുബന്ധം 5**

അവശ്യ മരുന്നുകൾ

[ചട്ടം 3 (6) (v) കാണുക]

| *ക്രമ നം.* | *മരുന്നുകളും സൺഡ്രീസും* |
|---|---|
| 1 | അക്കൊണൈറ്റ് നാപ്പ് |
| 2 | അലോ സോക് |
| 3 | ആന്റിമൊണിയം ടാർട്ട് |
| 4 | എപ്പിസ് മെൽ |
| 5 | ആർണിക്ക മൊണ്ടാന |
| 6 | ആഴ്സെനികം ആൽബം |
| 7 | ബെല്ലഡോണ |
| 8 | ബ്രയോണിയ ആൽബ |
| 9 | കൽകേരിയ കാർബ് |
| 10 | കാർബോ വെജ് |
| 11 | ചമോമില |
| 12 | സിന |
| 13 | കുപ്രം മെറ്റ് |
| 14 | യുപ്പറ്റോറിയം പെർഫോളിയറ്റം |
| 15 | ജെൽസീമിയം സെമ്പ് |
| 16 | ഹെപ്പാർ സൽഫ്യൂറിസ് |
| 17 | കാലി ആർസെനികം |
| 18 | ഇപ്കാക്കുഞ്ഞ |
| 19 | ലൈക്കോപോഡിയം |
| 20 | മെർകുറിയസ് സോൾ |
| 21 | നാട്രം മൂർ |
| 22 | നക്സ് വോമിക്ക |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 23 | ഫോസ്ഫറസ് |
| 24 | പൾസാറ്റില നിഗ് |
| 25 | റസ്ടോക്സ് |
| 26 | സെപിയ |
| 27 | സിലീഷ്യ |
| 28 | സൾഫർ |
| 29 | സക്കാറം ലാക്റ്റിസ് |
| 30 | ഗ്ളോബ്യൂൾസ് |

**അനുബന്ധം 6**

<u>രജിസ്റ്ററുകൾ</u>

[ചട്ടം 3 (9) (v) കാണുക]

| | | |
|---|---|---|
| 1 | ഒ പി രജിസ്റ്റർ | 1 |
| 2 | പ്രൊവിഷണൽ ഡയഗ്നോസിസ് രജിസ്റ്റർ | 1 |
| 3 | മരുന്നുകളുടെ രജിസ്റ്റർ | 1 |
| 4 | ഉപകരണങ്ങളുടെ രജിസ്റ്റർ | 1 |

**അനുബന്ധം 7**

<u>രോഗികളുടെ അവകാശങ്ങളും ചുമതലകളും</u>

[ചട്ടം 3 (10) (i) കാണുക]

(i) **രോഗികളുടെ അവകാശങ്ങൾ**

ക്ലിനിക്കൽ സ്ഥാപനവുമായി ബന്ധപ്പെട്ട് ഒരു രോഗിക്കും അയാളുടെ പ്രതിനിധിക്കും താഴെ പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്,—

1. സ്വഭാവം, രോഗകാരണം, നിർദേശിക്കപ്പെട്ടിരിക്കുന്ന പരിശോധനകളും പരിചരണവും, ചികിത്സയുടെ പ്രതീക്ഷിത ഫലം, പ്രതീക്ഷിത സങ്കീർണതകൾ, ചികിത്സാച്ചെലവ് എന്നിവ സംബന്ധിച്ച പ്രസക്തവും മതിയായതുമായ വിവരങ്ങൾക്ക്;

2. ചികിത്സാ കാലയളവിൽ രഹസ്യസ്വഭാവം,, മനുഷ്യാന്തസ്സ്, സ്വകാര്യത എന്നിവയ്ക്ക്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. പുരുഷ ഡോക്ടർ വനിതാ രോഗിയുടെ ശരീരപരിശോധന നടത്തുന്നതിനിടയിൽ ഒരു സ്ത്രീ കൂടെയുണ്ടായിരിക്കണം എന്നത് ഉറപ്പുവരുത്തുവാൻ;

4. എച്ച്.ഐ.വി. പോലുള്ള സാഹചര്യങ്ങളിൽ രോഗികളോട് ചികിത്സയിലും പെരുമാറ്റത്തിലും വിവേചനം ഇല്ലാതിരിക്കുന്നതിന്;

5. കൂടുതൽ മെച്ചപ്പെട്ട ചികിത്സക്ക് അയക്കേണ്ടത് ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ, മതിയായ റഫറൻസ് കത്ത് സഹിതം ആയത് ചെയ്യുന്നതിന്.

(ii) **രോഗികളുടെ ചുമതലകൾ**

1. ആരോഗ്യസംബന്ധിയായ എല്ലാ വിവരങ്ങളും നൽകൽ.
2. പരിശോധനയ്ക്കിടയിലും ചികിത്സയ്ക്കിടയിലും ഡോക്ടറുമായി സഹകരിക്കൽ.
3. നിർദേശങ്ങൾ പാലിക്കൽ.
4. ആശുപത്രിയിൽ നിർദേശിക്കപ്പെട്ടിട്ടുള്ള നിശ്ചിതഫീസ് സമയാസമയത്ത് ഒടുക്കൽ.
5. ഡോക്ടറുടെയും മറ്റ് ആശുപത്രി ജീവനക്കാരുടെയും അന്തസ്സിനെ മാനിക്കൽ.
6. ബഹളത്തിലേക്കും അക്രമത്തിലേക്കും നീങ്ങാതിരിക്കൽ.
7. രോഗിയുടെയോ കൂടെയുള്ളവരുടെയോ ഭാഗത്തുനിന്നുണ്ടാകുന്ന ഏതൊരു സ്വഭാവദൂഷ്യത്തിനോ പെരുമാറ്റദൂഷ്യത്തിനോ നിയമ നടപടികൾ നേരിടേണ്ടി വരുന്നതാണ്.

4. <u>ഹോമിയോപ്പതി ഡിസ്പെൻസറി വിഭാഗം തരം 2 പാലിക്കേണ്ടതായ നിലവാരങ്ങൾ</u>.—

(1) **നിർവചനം:—**

ഹോമിയോപ്പതി ഡിസ്പെൻസറി വിഭാഗം തരം 2 ക്ലിനിക്ക് എന്നാൽ, ഹോമിയോപ്പതി ചികിത്സകർ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് ഹോമിയോപ്പതി ചികിത്സകർ ഒ.പി.യിൽ ചികിത്സക്ക് എത്തുന്ന രോഗികൾക്ക് പരിശോധന, ചികിത്സാനിർദേശം നൽകൽ, മരുന്ന് കുറിപ്പടി നൽകൽ, മരുന്നുകൾ വിതരണം ചെയ്യൽ, മുറിവ് വച്ചുകെട്ടൽ എന്നീ സേവനങ്ങൾ ലഭ്യമാക്കുന്ന ഒരു ചികിത്സാ സ്ഥാപനം എന്ന് അർത്ഥമാകുന്നതും ഇതിൽ ചെറിയ ചില നടപടിക്രമങ്ങളായ മുറിവ് വച്ചുകെട്ടൽ, മുറിവ് തുന്നൽ, ഇൻസിഷൻ & ഡ്രെയിനേജ് പ്രക്രിയ, ശരീരത്തിനകത്ത് കയറിയ അന്യവസ്തുക്കൾ പുറത്തെടുക്കൽ, പ്രഥമശുശ്രൂഷ മുതലായവ ചെയ്യുകയും ആധുനിക രോഗനിർണയ രീതികൾ ഉപയോഗിക്കലും കിടത്തി ചികിത്സ ആവശ്യമില്ലാത്ത രോഗങ്ങൾക്ക് മരുന്ന് നൽകുകയും ചെയ്യുന്നത് ഉൾപ്പെടുന്നതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) **വ്യാപ്തി:—**ഈ ചട്ടത്തിൽ പറയുന്ന നിലവാരങ്ങൾ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ബാധകമാണ്, അതായത് ;

(i) ഈ ഗണത്തിൽപെടുന്ന ഏറ്റവും കുറഞ്ഞ പൊതുമാനദണ്ഡങ്ങൾ, രോഗികൾക്ക് ചികിത്സാ നിർദേശം നൽകൽ, മരുന്നുകൾ വിതരണം ചെയ്യൽ പോലുള്ള നടപടിക്രമങ്ങളിലൂടെ ആരോഗ്യ പരിചരണ സേവനങ്ങൾ നൽകുന്ന ഒന്നോ അതിലധികമോ ഹോമിയോപ്പതി ചികിത്സകർ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് ഹോമിയോപ്പതി ചികിത്സകർ എന്നിവർക്ക്;

(ii) ഒ.പി. രോഗികളെ പരിശോധിക്കൽ, അവർക്ക് ചികിത്സാനിർദേശം നൽകൽ, മരുന്ന് കുറിപ്പടി നൽകൽ എന്നിവ ചെയ്യുന്ന ഒന്നോ അതിലധികമോ ഹോമിയോപ്പതി ചികിത്സകർ, അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് ഹോമിയോപ്പതി ചികിത്സകർ എന്നിവർക്ക്;

(iii) ആരോഗ്യ വിദ്യാഭ്യാസത്തിനും ആരോഗ്യപ്രചരണത്തിനും, രോഗ പ്രതിരോധത്തിനുമുള്ള നിർദേശങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ.

(iv) താഴെ പ്പറയുന്നവയിൽ ഏതെങ്കിലും ഒന്നോ അതിലധികമോ ചികിത്സകൾ നൽകുന്ന സ്ഥാപനങ്ങൾ ഉൾപ്പെടുന്നു, അതായത്;

(എ) പൊതുവായ ഒ.പി. ചികിത്സ;

(ബി) ആസ്ത്മയും അലർജിയും;

(സി) ത്വക് രോഗം;

(ഡി) കുട്ടികളുടെയും കൗമാരക്കാരുടെയും പരിചരണം;

(ഇ) അർബുദ പരിചരണം;

(എഫ്) എൻഡോക്രൈനോളജി (അന്തഃസ്രാവി ഗ്രന്ഥികളുമായി ബന്ധപ്പെട്ട പരിചരണം);

(ജി) സാംക്രമികേതര രോഗങ്ങൾ (എൻ.സി.ഡി.);

(എച്ച്) മാനസികാരോഗ്യ പരിചരണം;

(ഐ) വൃക്കസംബന്ധമായ തകരാറുകൾ;

(ജെ) വന്ധ്യത നിവാരണവും ശിശു പരിചരണവും;

(കെ) വയോജന രോഗങ്ങളും വാതസംബന്ധിയായ രോഗങ്ങളും;

(എൽ) ലഹരി വിമുക്തി ചികിത്സ മുതലായവ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(v) യോഗ്യതയുള്ള വ്യക്തികളുടെ മേൽനോട്ടത്തിൽ, സർക്കാർ അംഗീകൃത ആരോഗ്യ പരിപാലന രീതികളായ യോഗ, ഫിസിയോതെറാപ്പി, കൗൺസിലിങ് എന്നിവ ചെയ്യുന്ന സ്ഥാപനങ്ങൾ.

കുറിപ്പ്:—സ്പെഷ്യലിസ്റ്റ്/സ്പെഷ്യാലിറ്റി എന്നത് ഹോമിയോപ്പതിക് ചികിത്സകരുടെ വിദ്യാഭ്യാസ യോഗ്യതയല്ല, മറിച്ച് സ്പെഷ്യാലിറ്റി ക്ലിനിക്ക് ഏത് രോഗത്തിന് വേണ്ടിയാണോ പ്രവർത്തിക്കുന്നത് അതിനെയാണ് സൂചിപ്പിക്കുന്നത്.

(3) **അടിസ്ഥാന സൗകര്യങ്ങൾ:—**

(i) രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും, ജീവനക്കാർക്കും, സന്ദർശകർക്കും സ്വസ്ഥവും സുരക്ഷിതവുമായ അന്തരീക്ഷം ലഭ്യമാവുന്ന തരത്തിലുള്ള പശ്ചാത്തലസൗകര്യങ്ങൾ ആയിരിക്കണം ഉണ്ടായിരിക്കേണ്ടതും നിലനിർത്തേണ്ടതും. അതിന്റെ പരിസരം വൃത്തിയുള്ളതായിരിക്കണം. അതോടൊപ്പം അതത് കാലങ്ങളിൽ പ്രാദേശികമായി നിലനിൽക്കുന്ന നിയമാവലികൾക്ക് വിധേയമായിരിക്കുകയും വേണം.

സ്ഥാപനത്തിന്റെ അടിസ്ഥാന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഏറ്റവും കുറഞ്ഞ സ്ഥലസൗകര്യം **അനുബന്ധം 8** പ്രകാരം ആയിരിയ്ക്കണം.

ക്ലിനിക്കൽ സംവിധാനം ആവശ്യത്തിന് ജലലഭ്യത ഉള്ളതും, വെളിച്ചമുള്ളതും, വായു സഞ്ചാരമുള്ളതും, വൃത്തിയുള്ളതും ആയിരിയ്ക്കണം.

ക്ലിനിക്/ഡിസ്പെൻസറിയുടെ പേര്, സ്ഥലത്തിന്റെ പേര് എന്നിവ പ്രാദേശിക ഭാഷയിൽ വ്യക്തമായി രേഖപ്പെടുത്തിയ ഒരു ബോർഡോ ഫലകമോ സ്ഥാപനത്തിന്റെ ഗേറ്റിലോ കെട്ടിടത്തിലോ പ്രദർശിപ്പിച്ചിരിക്കണം.

ചുവടെ ചേർക്കുന്ന മറ്റു ബോർഡുകൾ പ്രദേശവാസികൾക്ക് മനസ്സിലാവുന്ന ഭാഷയിൽ വ്യക്തമായ രീതിയിൽ പ്രദർശിപ്പിച്ചിരിയ്ക്കണം:

(എ) ഡോക്ടറുടെ പേരും രജിസ്ട്രേഷൻ നമ്പറും;

(ബി) ക്ലിനിക്കിന്റെ പ്രവർത്തനസമയം;

(സി) ബന്ധപ്പെടാനുള്ള ഫോൺ നമ്പർ.

(4) **ഫർണിച്ചറുകളും ഫിക്സ്ചറുകളും:—**

(i) ഹോമിയോപ്പതി ഡിസ്പെൻസറിയിലെ ജോലിഭാരത്തിനും പ്രവർത്തനങ്ങൾക്കും അനുസരിച്ചുള്ളഫർണിച്ചറുകളുംഫിക്സ്ചറുകളുംസ്ഥാപനത്തിൽഉണ്ടായിരിക്കണം.

(ii) ഫർണിച്ചറും ഫിക്സ്ചറുകളും മുഴുവൻ സമയവും ഉപയോഗയോഗ്യമായിരിക്കണം. ഇവയുടെസൂചനപട്ടികയ്ക്കായി **അനുബന്ധം 9** കാണുക

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) **മാനവ വിഭവ ശേഷി:—**

(i) ഹോമിയോപ്പതി ഡിസ്പെൻസറിയിലെ ഡോക്ടർ(മാർ) സംസ്ഥാന മെഡിക്കൽ കൗൺസിലിൽ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

(ii) പൊതുമേഖലയിലുള്ള ഹോമിയോപ്പതി ഡിസ്പെൻസറിയിൽ, രോഗികളുടെ ചികിത്സയ്ക്കും പരിചരണത്തിനും സേവനത്തിനും ഡോക്ടറെ സഹായിക്കാനായി ഏറ്റവും കുറഞ്ഞത് മൂന്ന് പേരെങ്കിലും ഫാർമസിസ്റ്റ് അറ്റൻഡർ, ഡിസ്പെൻസർ/സ്വീപ്പർ-കം-ഓഫീസ് അറ്റന്റന്റ് കാഷ്വൽ/എസ്.ടി.പി/മൾട്ടി പർപ്പസ് വർക്കർ/സ്വീപ്പർ-കം-വാച്ചർ/ഓഫീസ് അറ്റന്റന്റ്/സ്വീപ്പർ) ഉണ്ടായിരിക്കേണ്ടതാണ്. എന്നിരുന്നാലും, അത് പൊതുമേഖലാ സ്ഥാപനത്തിന് സർക്കാർ അംഗീകരിച്ച മാനവ വിഭവശേഷിക്ക് അനുസൃതമായിരിയ്ക്കണം.

(iii) സ്വകാര്യ സ്ഥാപനത്തിലെ മനുഷ്യ വിഭവ ശേഷി സംബന്ധിച്ച കാര്യങ്ങൾ **അനുബന്ധം 10**-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും സ്ഥാപനം നൽകുന്ന സേവനങ്ങളുടെ വ്യാപ്തി, ജോലിഭാരം എന്നിവയ്ക്ക് അനുസരിച്ച് എണ്ണത്തിൽ വ്യത്യാസം വരാവുന്നതാണ്.

(6) **ഉപകരണങ്ങൾ സാമഗ്രികൾ മരുന്നുകൾ**

(I) ഒരു ഹോമിയോപ്പതി ഡിസ്പെൻസറിയിൽ **അനുബന്ധം 11** പ്രകാരമുള്ള അവശ്യസാമഗ്രികളും **അനുബന്ധം 12**-ൽ പറയുന്ന അടിയന്തിര ആവശ്യത്തിനുള്ള സാമഗ്രികളും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

(ii) സേവനത്തിന്റെ വ്യാപ്തിക്കനുസരിച്ച് ആവശ്യമായ മറ്റ് സാമഗ്രികളും ഹോമിയോപ്പതി ഡിസ്പെൻസറിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

(iii) സാധനസാമഗ്രികളും മരുന്നുകളും സൂക്ഷിക്കുവാൻ മതിയായ സ്ഥലം ഉണ്ടായിരിക്കേണ്ടതും മരുന്നുകൾ ഉള്ള പക്ഷം അവ സൂക്ഷിച്ചുവെക്കുന്നതിന് നിർമ്മാതാക്കളുടെ മാർഗനിർദേശങ്ങൾ പാലിക്കേണ്ടതുമാണ്. സാധനസാമഗ്രികളെല്ലാം ജോലിഭാരം ലഘൂകരിക്കുന്നതിന് സഹായകമാകുന്നവയായിരിക്കണം.

(iv) സാധനസാമഗ്രികളെല്ലാം എല്ലായ്പ്പോഴും നന്നായി പ്രവർത്തനസജ്ജമായിരിക്കണം. അവ കൃത്യമായ ഇടവേളകളിൽ പരിശോധിക്കേണ്ടതും വൃത്തിയാക്കേണ്ടതും പരിപാലിക്കേണ്ടതുമാണ്.

(v) ഹോമിയോപ്പതി ക്ലിനിക്/ഡിസ്പെൻസറിയിൽ മരുന്ന് വിതരണം ഉണ്ടായിരിക്കേണ്ടതും ദീർഘകാല രോഗങ്ങളെല്ലാം ചികിത്സിക്കുന്നതിന് അനുബന്ധം 13 പ്രകാരമുള്ള അത്യാവശ്യ അടിസ്ഥാന മരുന്നുകൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതുമാണ്. കൂടാതെ സേവനത്തിന്റെ വ്യാപ്തിക്കനുസരിച്ച്, ആവശ്യമായ മറ്റ് മരുന്നുകളും ഉണ്ടായിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(7) **അനുബന്ധസേവനം:** പൊതു മാലിന്യങ്ങൾ വേർതിരിക്കുന്നതും ശേഖരിക്കുന്നതും കൊണ്ടുപോകുന്നതും കൂട്ടിവെക്കുന്നതും നിർമാർജനം ചെയ്യുന്നതും തദ്ദേശ നിയമങ്ങൾക്ക് അനുസൃതമായിരിക്കണം.

(8) **നിയമപരമായ ആവശ്യകതകൾ**

| *ക്രമ നം.* | *നിയമത്തിന്റെയും ലൈസൻസിന്റെയും പേര്* | *ലൈസൻസിങ് ബോഡി* |
|---|---|---|
| 1 | ഡോക്ടറുടെ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ | സംസ്ഥാന മെഡിക്കൽ കൗൺസിൽ |
| 2 | ബയോ മെഡിക്കൽ മാനേജ്മെന്റ് ചട്ടം 2016 | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് |
| 3 | ഡിസ്പെൻസറി രജിസ്ട്രേഷൻ | സംസ്ഥാന കൗൺസിൽ- സി ഇ എ |

(9) **രേഖകളുടെ പരിപാലനവും റിപ്പോർട്ടിങ്ങും**

എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും അടിയന്തിര സാഹചര്യങ്ങളിലും ദുരന്ത സമയത്തും സാംക്രമിക രോഗങ്ങളുടെ സാഹചര്യത്തിലും അല്ലെങ്കിൽ സംസ്ഥാന-ദേശീയ പരിപാടികളോട് അനുബന്ധിച്ചും അല്ലെങ്കിൽ സമയാസമയങ്ങളിൽ സംസ്ഥാന-ദേശീയ കൗൺസിൽ ആവശ്യപ്പെടുമ്പോഴും വിവരങ്ങളും സ്ഥിതിവിവര കണക്കുകളും സമർപ്പിക്കേണ്ടതാണ്. ക്ലിനിക്കൽ സ്ഥാപനങ്ങൾ പരിപാലിക്കേണ്ട രജിസ്റ്ററുകളുടെ പട്ടിക അനുബന്ധം 14-ൽ നൽകിയിട്ടുണ്ട്.

(10) **നടപടിക്രമം**

(I) രജിസ്ട്രേഷൻ

(എ) സേവനം ആവശ്യമുള്ള എല്ലാ രോഗികളും രജിസ്റ്റർ ചെയ്യേണ്ടതാണ്.

(ബി) അനുബന്ധം 15 പ്രകാരമുള്ള രോഗിയുടെ അവകാശങ്ങളെക്കുറിച്ചും ചുമതലകളെക്കുറിച്ചും മാർഗനിർദേശം നൽകുകയും വിവരം നൽകുകയും ചെയ്യേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) അണുബാധ നിയന്ത്രണം.

(എ) അണുബാധ പ്രതിരോധിക്കുന്നതിന് കൈ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള എല്ലാ മുൻകരുതലുകളും ക്ലിനിക്കിൽ സ്വീകരിക്കേണ്ടതാണ്.

(ബി) ക്ലിനിക്കിന്റെ പ്രവൃത്തി സമയത്തുടനീളം കൈ കഴുകുന്നതിന് ശുദ്ധജലമോ ആവശ്യാനുസരണം അണുനാശിനിയോ ലഭ്യമാക്കേണ്ടതാണ്.

(സി) ശുചിമുറികൾ ഉണ്ടെങ്കിൽ അവ വൃത്തിയാക്കുകയും അണുവിമുക്തമാക്കുകയും ചെയ്യേണ്ടതാണ്.

(ഡി) രോഗി പരിചരണ സ്ഥലങ്ങൾ ദിവസേന ചുരുങ്ങിയത് ഒരു തവണയെങ്കിലും അണുനാശിനി ഉപയോഗിച്ച് തുടച്ച് വൃത്തിയാക്കേണ്ടതാണ്.

(iii) സുരക്ഷാ പരിഗണനകൾ

(എ) രോഗിയുടെ സുരക്ഷ സംബന്ധിച്ച കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നു എന്ന് ക്ലിനിക് ഉറപ്പുവരുത്തേണ്ടതാണ്.

(ബി) ക്ലിനിക് കീടങ്ങളിൽ നിന്നും ചിതലിൽ നിന്നും മുക്തമായിരിക്കണം.

(iv) ബയോ മെഡിക്കൽ മാലിന്യസംസ്കരണം

(എ) ബയോ മെഡിക്കൽ മാലിന്യങ്ങൾ 2016 ലെ ബയോ മെഡിക്കൽ മാലിന്യ സംസ്കരണ ചട്ടങ്ങൾക്ക് അനുസരിച്ചായിരിക്കണം സംസ്കരിക്കേണ്ടത്.

(ബി) ക്ലിനിക്കിലെ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കേണ്ടതാണ്.

(സി) സൂചികളും മറ്റ് മൂർച്ചയുള്ള വസ്തുക്കളും കേടുവരുത്താനാവാത്തതും ചോർച്ചയില്ലാത്തതും വിള്ളലുകളില്ലാത്തതുമായ പാത്രങ്ങളിൽ സൂക്ഷിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(v) പ്രഥമ ശുശ്രൂഷ

(എ) പ്രഥമ ശുശ്രൂഷ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(ബി) അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട ആംബുലൻസ്, ആശുപത്രി തുടങ്ങിയവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## **അനുബന്ധം 8**

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

[ചട്ടം 4 (3) (ii) കാണുക]

| *ക്രമ നമ്പർ* | *സ്ഥല സൗകര്യം* | *ആവശ്യമായ വിസ്തീർണം* | *അഭിപ്രായക്കുറിപ്പ്* |
|---|---|---|---|
| 1 | പൊതുവായ ഇടം (സ്വീകരണ മുറിയും കാത്തിരിപ്പ് സ്ഥലവും) | 150 ച.അടി. തറ വിസ്തീർണ്ണം | ആവശ്യമായ വായു സഞ്ചാരവും വെളിച്ചവും ലഭ്യമാക്കുക |
| 2 | പരിശോധനാ മുറി (അനുബന്ധ മുറി) | 100 ച. അടി | ആവശ്യമായ സ്വകാര്യതയും, വായു സഞ്ചാരവും വെളിച്ചവും ലഭ്യമാക്കുക |
| 3 | ഫാർമസിയും മരുന്ന് സൂക്ഷിക്കുന്ന മുറിയും | 150 ച. അടി. | ആവശ്യമായ വായു സഞ്ചാരവും വെളിച്ചവും ലഭ്യമാക്കുക |
| 4 | ശുചിമുറി | | ആവശ്യമായ വായു സഞ്ചാരവും വെളിച്ചവും ലഭ്യമാക്കുക. ശുചിത്വം ഉറപ്പുവരുത്തുക. |

<u>നോട്ട്</u>:— സ്വീകരണ മുറി, കാത്തിരിപ്പ് സ്ഥലം, ചികിത്സാ മുറി, മരുന്ന് സൂക്ഷിച്ചുവെക്കുന്ന മുറി മുതലായ ഇടങ്ങളിൽ ആശുപത്രിയുടെ തിരക്കിനും ആവശ്യകതയ്ക്കും അനുസരിച്ച് സൗകര്യമൊരുക്കിയിരിക്കണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**അനുബന്ധം 9**

ഫർണിച്ചറുകളും ഫിക്സ്ചറുകളും
[ചട്ടം 4 (4) (ii)കാണുക]

| *ക്രമ നം.* | *സാമഗ്രികൾ* |
|---|---|
| 1 | പരിശോധന മേശ |
| 2 | ഡോക്ടർക്ക് ഇരിക്കാനുള്ള കസേര |
| 3 | കാത്തിരിപ്പ് സ്ഥലത്ത് രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഇരിക്കാനുള്ള കസേരകൾ |
| 4 | കാത്തിരിപ്പ് മുറി, പരിശോധനാമുറി, ഫാർമസി, മരുന്ന് സൂക്ഷിക്കുന്ന മുറി എന്നിവയ്ക്കിടയിൽ ദൃഢമായ മറവ് |
| 5 | എക്സാമിനേഷൻ ടേബിൾ |
| 6 | മരുന്ന് സുക്ഷിക്കാനും വിതരണം ചെയ്യാനുമുള്ള മതിയായ സൗകര്യം. |
| 7 | ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമാർജനം ചെയ്യാനുള്ള സൗകര്യം |
| 8 | പ്രത്യേക സേവനങ്ങൾ ലഭ്യമാണെങ്കിൽ അതുമായി ബന്ധപ്പെട്ട സൂചനാ ബോർഡുകൾ |

**അനുബന്ധം 10**

സ്വകാര്യ മേഖലയ്ക്ക് വേണ്ടിയുള്ള മാനവ വിഭവ ശേഷി

[ചട്ടം 4 (5) (iii) കാണുക]

| *ക്രമ നമ്പർ* | *തസ്തിക* | *എറ്റവും ചുരുങ്ങിയ ആവശ്യകത* |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ | 1 |
| 2 | ഫാർമസിസ്റ്റ് | 1 |
| 3 | അറ്റൻഡർ/നഴ്സിങ് അസിസ്റ്റന്റ് | 1 |
| 4 | ഫുൾ/പാർട് ടൈം സ്വീപ്പർ/ക്ലീനർ | 1 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**അനുബന്ധം 11**

സാമഗ്രികൾ/ഉപകരണങ്ങൾ

[ചട്ടം 4 (6) (I) കാണുക]

| *ക്രമ നമ്പർ* | *ഉപകരണം* | *ഏറ്റവും ചുരുങ്ങിയ മാനദണ്ഡം* | *എണ്ണം* |
|---|---|---|---|
| 1 | സ്റ്റെതസ്കോപ്പ് | | 1 |
| 2 | തെർമോമീറ്റർ | | 1 |
| 3 | ടോർച്ച് (ഫ്ലാഷ് ലൈറ്റ്) | | 1 |
| 4 | ബി.പി. അപാരറ്റസ് | | 1 |
| 5 | വെയിങ് മെഷീൻ | | 1 |
| 6 | എക്സ്-റെ വ്യൂവർ | | 1 |

**അനുബന്ധം 12**

അടിയന്തിര ആവശ്യത്തിനുള്ള ഉപകരണങ്ങൾ
സാമഗ്രികൾ/ഉപകരണങ്ങൾ

(ചട്ടം 4 (6) (I) കാണുക)

| *ക്രമ നമ്പർ* | *ഉപകരണം* | *ഏറ്റവും ചുരുങ്ങിയ മാനദണ്ഡം* | *എണ്ണം* |
|---|---|---|---|
| 1 | അഗ്നിശമന ഉപകരണം | | 1 |

**അനുബന്ധം 13**

അവശ്യ മരുന്നുകൾ

[ചട്ടം 4 (6) (v) കാണുക]

| *ക്രമ നം.* | *മരുന്നുകളും സൺട്രീസും* |
|---|---|
| 1 | അകോണൈറ്റ് നാപ്പ് |
| 2 | അലോ സോക് |
| 3 | ആന്റിമൊണിയം ടാർട്ട് |
| 4 | എപ്പിസ് മെൽ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 5 | ആർണിക്ക മോണ്ടാന |
| 6 | ആഴ്സെനികം ആൽബം |
| 7 | ബെല്ലഡോണ |
| 8 | ബ്രയോണിയ ആൽബ |
| 9 | കൽകേരിയ കാർബ് |
| 10 | കാർബോ വെജ് |
| 11 | ചമോമില |
| 12 | സിന |
| 13 | കുപ്രം മെറ്റ് |
| 14 | യുപ്പറ്റോറിയം പെർഫോളിയറ്റം |
| 15 | ജെൽസീമിയം സെമ്പ് |
| 16 | ഹെപ്പർ സൾഫറിസ് |
| 17 | കാലി ആർസെനികം |
| 18 | ഇപ്കാക്കുഞ്ഞ |
| 19 | ലൈക്കോപോഡിയം |
| 20 | മെർകുറിയസ് സോൾ |
| 21 | നാട്രം മൂർ |
| 22 | നക്സ് വൊമിക |
| 23 | ഫോസ്ഫറസ് |
| 24 | പൾസാറ്റില നിഗ് |
| 25 | റസ് ടോക്സ് |
| 26 | സെപിയ |
| 27 | സിലീഷ്യ |
| 28 | സൾഫർ |
| 29 | സക്കാറം ലാക്റ്റിസ് |
| 30 | ഗ്ളോബ്യൂൾസ് |

**അനുബന്ധം 14**

<u>രജിസ്റ്ററുകൾ</u>

[ചട്ടം 4 (9) കാണുക]

| *ക്രമ നം.* | *രജിസ്റ്ററിന്റെ പേര്* | *ആവശ്യമായ എണ്ണം* |
|---|---|---|
| 1 | ഒ പി രജിസ്റ്റർ | 1 |
| 2 | പ്രൊവിഷണൽ ഡയഗ്നോസിസ് രജിസ്റ്റർ | 1 |
| 3 | മരുന്നുകളുടെ രജിസ്റ്റർ | 1 |
| 4 | ഫർണിച്ചർ രജിസ്റ്റർ | 1 |
| 5 | ഉപകരണങ്ങളുടെ രജിസ്റ്റർ | 1 |

**അനുബന്ധം 15**

<u>രോഗികളുടെ അവകാശങ്ങളും ചുമതലകളും</u>

[ചട്ടം 4 (10) (i) ബി) കാണുക]

(i) **രോഗികളുടെ അവകാശങ്ങൾ**

ക്ലിനിക്കൽ സ്ഥാപനവുമായി ബന്ധപ്പെട്ട് ഒരു രോഗിക്കും അയാളുടെ പ്രതിനിധിക്കും താഴെ പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്—

1. സ്വഭാവം, രോഗകാരണം, നിർദേശിക്കപ്പെട്ടിരിക്കുന്ന പരിശോധനകളും പരിചരണവും, ചികിത്സയുടെ പ്രതീക്ഷിത ഫലം, പ്രതീക്ഷിത സങ്കീർണതകൾ, ചികിത്സാച്ചെലവ് എന്നിവ സംബന്ധിച്ച പ്രസക്തവും മതിയായതുമായ വിവരങ്ങൾക്ക്
2. ചികിത്സാ കാലയളവിൽ രഹസ്യസ്വഭാവം,, മനുഷ്യാന്തസ്സ്, സ്വകാര്യത എന്നിവയ്ക്ക്.

3. പുരുഷ ഡോക്ടർ വനിതാ രോഗിയുടെ ശരീരപരിശോധന നടത്തുന്നതിനിടയിൽ ഒരു സ്ത്രീ കൂടെയുണ്ടായിരിക്കണം എന്നത് ഉറപ്പുവരുത്തുവാൻ

4. എച്ച്.ഐ.വി. പോലുള്ള സാഹചര്യങ്ങളിൽ രോഗികളോട് ചികിത്സയിലും പെരുമാറ്റത്തിലും വിവേചനം ഇല്ലാതിരിക്കുന്നതിന്.

5. കൂടുതൽ മെച്ചപ്പെട്ട ചികിത്സക്ക് അയക്കേണ്ടത് ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ, മതിയായ റഫറൻസ് കത്ത് സഹിതം ആയത് ചെയ്യുന്നതിന്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) **രോഗികളുടെ ചുമതലകൾ**

1. ആരോഗ്യസംബന്ധിയായ എല്ലാ വിവരങ്ങളും നൽകൽ.
2. പരിശോധനയ്ക്കിടയിലും ചികിത്സയ്ക്കിടയിലും ഡോക്ടറുമായി സഹകരിക്കൽ.
3. നിർദേശങ്ങൾ പാലിക്കൽ.
4. ആശുപത്രിയിൽ നിർദേശിക്കപ്പെട്ടിട്ടുള്ള നിശ്ചിതഫീസ് സമയാസമയത്ത് ഒടുക്കൽ.
5. ഡോക്ടറുടെയും മറ്റ് ആശുപത്രി ജീവനക്കാരുടെയും അന്തസ്സിനെ മാനിക്കൽ.
6. ബഹളത്തിലേക്കും അക്രമത്തിലേക്കും നീങ്ങാതിരിക്കൽ.
7. രോഗിയുടെയോ കൂടെയുള്ളവരുടെയോ ഭാഗത്തുനിന്നുണ്ടാകുന്ന ഏതൊരു സ്വഭാവദൂഷ്യത്തിനോ പെരുമാറ്റദൂഷ്യത്തിനോ നിയമ പരമായ നടപടികൾ നേരിടേണ്ടി വരുന്നതാണ്.

5. <u>ഹോമിയോപ്പതി ഡിസ്പെൻസറി വിഭാഗം തരം 3 പാലിക്കേണ്ടതായ നിലവാരങ്ങൾ</u>.—

(1) **നിർവചനം:—**

ഹോമിയോപ്പതി ഡിസ്പെൻസറി വിഭാഗം തരം 3 ക്ലിനിക്ക് എന്നാൽ, ഹോമിയോപ്പതി ചികിത്സകർ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ്* ഹോമിയോപ്പതി ചികിത്സകർ ഒ.പി.യിൽ ചികിത്സക്ക് എത്തുന്ന രോഗികൾക്ക് പരിശോധന, ചികിത്സാനിർദേശം നൽകൽ, മരുന്ന് കുറിപ്പടി നൽകൽ, മരുന്നുകൾ വിതരണം ചെയ്യൽ, മുറിവ് വച്ചുകെട്ടൽ എന്നീ സേവനങ്ങൾ ലഭ്യമാക്കുന്ന ഒരു ചികിത്സാ സ്ഥാപനം എന്ന് അർത്ഥമാകുന്നതും അതിൽ ചെറിയ ചില നടപടിക്രമങ്ങളായ മുറിവ് വച്ചുകെട്ടൽ, മുറിവ് തുന്നൽ, ഇൻസിഷൻ & ഡ്രെയിനേജ് പ്രക്രിയ, ശരീരത്തിനകത്ത് കയറിയ അന്യവസ്തുക്കൾ പുറത്തെടുക്കൽ, പ്രഥമശുശ്രൂഷ മുതലായവ ചെയ്യുകയും ആധുനിക രോഗനിർണയ രീതികൾ ഉപയോഗിക്കലും കിടത്തി ചികിത്സ ആവശ്യമില്ലാത്ത രോഗങ്ങൾക്ക് മരുന്ന് നൽകുകയും ചെയ്യുന്നത് ഉൾപ്പെടുന്നതുമാണ്.

**(2) വ്യാപ്തി:—** ഈ ചട്ടത്തിൽ പറയുന്ന നിലവാരങ്ങൾ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ബാധകമാണ്:

(i) ഈ ഗണത്തിൽ പെടുന്ന ഏറ്റവും കുറഞ്ഞ പൊതുമാനദണ്ഡങ്ങൾ, രോഗികൾക്ക് ചികിത്സാ നിർദേശം നൽകൽ, മരുന്നുകൾ വിതരണം ചെയ്യൽ പോലുള്ള നടപടിക്രമങ്ങളിലൂടെ ആരോഗ്യ പരിചരണ സേവനങ്ങൾ നൽകുന്ന ഒന്നോ അതിലധികമോ ഹോമിയോപ്പതി ചികിത്സകർ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് ഹോമിയോപ്പതി ചികിത്സകർ എന്നിവർക്ക്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) ഒ.പി. രോഗികളെ പരിശോധിക്കൽ, അവർക്ക് ചികിത്സാനിർദേശം നൽകൽ, മരുന്ന് കുറിപ്പടി നൽകൽ എന്നിവ ചെയ്യുന്ന ഒന്നോ അതിലധികമോ ഹോമിയോപ്പതി ചികിത്സകർ, അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് ഹോമിയോപ്പതി ചികിത്സകർ എന്നിവർക്ക്;

(iii) ആരോഗ്യ വിദ്യാഭ്യാസത്തിനും ആരോഗ്യപ്രചരണത്തിനും, രോഗ പ്രതിരോധത്തിനുമുള്ള നിർദേശങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ

(iv) താഴെ പ്പറയുന്നവയിൽ ഏതെങ്കിലും ഒന്നോ അതിലധികമോ ചികിത്സകൾ നൽകുന്ന സ്ഥാപനങ്ങൾ ഉൾപ്പെടുന്നു, അതായത്:

(എ) പൊതുവായ ഒ.പി. ചികിത്സ;

(ബി) ആസ്ത്മയും അലർജിയും;

(സി) ത്വക് രോഗം;

(ഡി) കുട്ടികളുടെയും കൗമാരക്കാരുടെയും പരിചരണം;

(ഇ) അർബുദ പരിചരണം;

(എഫ്) എൻഡോക്രൈനോളജി (അന്തഃസ്രാവി ഗ്രന്ഥികളുമായി ബന്ധപ്പെട്ട പരിചരണം);

(ജി) സാംക്രമികേതര രോഗങ്ങൾ (എൻ.സി.ഡി.);

(എച്ച്) മാനസികാരോഗ്യം/കൗൺസലിങ്;

(ഐ) മൂലവ്യാധികൾ;

(ജെ) മൂത്രത്തിൽ കല്ല്;

(കെ) വന്ധ്യത നിവാരണവും ശിശു പരിചരണവും;

(എൽ) വയോജന രോഗങ്ങളും വാതസംബന്ധിയായ രോഗങ്ങളും;

(എം) ലഹരി വിമുക്തി ചികിത്സ.

(v) യോഗ്യതയുള്ള വ്യക്തികളുടെ മേൽനോട്ടത്തിൽ, സർക്കാർ അംഗീകൃത ആരോഗ്യ പരിപാലന രീതികളായ യോഗ, ഫിസിയോതെറാപ്പി, കൗൺസിലിങ് എന്നിവ ചെയ്യുന്ന സ്ഥാപനങ്ങൾ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>കുറിപ്പ്</u>:—സ്പെഷ്യലിസ്റ്റ്/സ്പെഷ്യാലിറ്റി എന്നത് ഹോമിയോപ്പതിക് ചികിത്സകരുടെ വിദ്യാഭ്യാസ യോഗ്യതയല്ല, മറിച്ച് സ്പെഷ്യാലിറ്റി ക്ലിനിക്ക് ഏത് രോഗത്തിന് വേണ്ടിയാണോ പ്രവർത്തിക്കുന്നത് അതിനെയാണ് സൂചിപ്പിക്കുന്നത്.

(3) **അടിസ്ഥാന സൗകര്യങ്ങൾ**

(I) രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും, ജീവനക്കാർക്കും, സന്ദർശകർക്കും സ്വസ്ഥവും സുരക്ഷിതവുമായ അന്തരീക്ഷം ലഭ്യമാവുന്ന തരത്തിലുള്ള പശ്ചാത്തലസൗകര്യങ്ങൾ ആയിരിക്കണം ഉണ്ടായിരിക്കേണ്ടതും നിലനിർത്തേണ്ടതും. അതിന്റെ പരിസരം വൃത്തിയുള്ളതായിരിക്കണം. അതോടൊപ്പം അതത് കാലങ്ങളിൽ പ്രാദേശികമായി നിലനിൽക്കുന്ന നിയമാവലികൾക്ക് വിധേയമായിരിക്കുകയും വേണം.

(ii) സ്ഥാപനത്തിന്റെ അടിസ്ഥാന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഏറ്റവും കുറഞ്ഞ സ്ഥലസൗകര്യം **അനുബന്ധം 14** പ്രകാരം ആയിരിയ്ക്കണം.

(iii) ക്ലിനിക്കൽ സംവിധാനം ആവശ്യത്തിന് ജലലഭ്യത ഉള്ളതും, വെളിച്ചമുള്ളതും, വായു സഞ്ചാരമുള്ളതും, വൃത്തിയുള്ളതും ആയിരിയ്ക്കണം.

(iv) ക്ലിനിക്/ഡിസ്പെൻസറിയുടെ പേര്, സ്ഥലത്തിന്റെ പേര് എന്നിവ പ്രാദേശിക ഭാഷയിൽ വ്യക്തമായി രേഖപ്പെടുത്തിയ ഒരു ബോർഡോ ഫലകമോ സ്ഥാപനത്തിന്റെ ഗേറ്റിലോ കെട്ടിടത്തിലോ പ്രദർശിപ്പിച്ചിരിക്കണം.

(v) ചുവടെ ചേർക്കുന്ന മറ്റു ബോർഡുകൾ പ്രദേശവാസികൾക്ക് മനസ്സിലാവുന്ന ഭാഷയിൽ വ്യക്തമായ രീതിയിൽ പ്രദർശിപ്പിച്ചിരിയ്ക്കണം.

(എ) ഡോക്ടറുടെ പേരും രജിസ്ട്രേഷ്ൻ നമ്പറും;

(ബി) ക്ലിനിക്കിന്റെ പ്രവർത്തനസമയം;

(സി) ബന്ധപ്പെടാനുള്ള ഫോൺ നമ്പർ.

(vi) പൊതുമേഖലയിലുള്ള ഹോമിയോപ്പതി ഡിസ്പെൻസറികളിൽ അവശ്യം വേണ്ട ഹോമിയോപ്പതി പുസ്തകങ്ങളും റഫറൻസ് പുസ്തകങ്ങളും ഉള്ള ലൈബ്രറി ഉണ്ടായിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) **ഫർണിച്ചറുകളും ഫിക്സ്ചറുകളും**

(I) ഹോമിയോപ്പതി ഡിസ്പെൻസറിയിലെ ജോലി ഭാരത്തിനും പ്രവർത്തനങ്ങൾക്കും അനുസരിച്ചുള്ള ഫർണിച്ചറുകളും ഫിക്സ്ചറുകളും സ്ഥാപനത്തിൽ ഉണ്ടായിരിക്കണം.

(ii) ഫർണിച്ചറും ഫിക്സ്ചറുകളും മുഴുവൻ സമയവും ഉപയോഗയോഗ്യമായിരിക്കണം. ഇനങ്ങളുടെ പട്ടികയ്ക്കായി **അനുബന്ധം 15** കാണുക

(5) **മാനവ വിഭവ ശേഷി**

(i) ഹോമിയോപ്പതി ഡിസ്പെൻസറിയിലെ ഡോക്ടർ(മാർ) സംസ്ഥാന മെഡിക്കൽ കൗൺസിലിൽ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

(ii) പൊതുമേഖലയിലുള്ള ഹോമിയോപ്പതി ഡിസ്പെൻസറിയിൽ, രോഗികളുടെ ചികിത്സയ്ക്കും പരിചരണത്തിനും സേവനത്തിനും ഡോക്ടറെ സഹായിക്കാനായി ഏറ്റവും കുറഞ്ഞത് മൂന്ന് പേരെങ്കിലും (ഫാർമസിസ്റ്റ്, അറ്റൻഡർ, മൾടി പർപ്പസ് വർക്കർ/പാർട് ടൈം സ്വീപ്പർ/കാഷ്വൽ സ്വീപ്പർ) ഉണ്ടായിരിക്കേണ്ടതാണ്. എന്നിരുന്നാലും, അത് പൊതുമേഖലാ സ്ഥാപനത്തിന് സർക്കാർ അംഗീകരിച്ച മാനവവിഭവശേഷിക്ക് അനുസൃതമായിരിയ്ക്കണം

(iii) സ്വകാര്യ സ്ഥാപനത്തിലെ മാനവ വിഭവ ശേഷി സംബന്ധിച്ച കാര്യങ്ങൾ **അനുബന്ധം 16**-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും സ്ഥാപനം നൽകുന്ന സേവനങ്ങളുടെ വ്യാപ്തി, ജോലിഭാരം എന്നിവയ്ക്ക് അനുസരിച്ച് എണ്ണത്തിൽ വ്യത്യാസം വരാവുന്നതാണ്.

(6) **ഉപകരണങ്ങൾ, സാമഗ്രികൾ, മരുന്നുകൾ**

(i) ഒരു ഹോമിയോപ്പതി ഡിസ്പെൻസറിയിൽ **അനുബന്ധം 17** പ്രകാരമുള്ള അവശ്യസാമഗ്രികളും ഉപകരണങ്ങളും **അനുബന്ധം 18**-ൽ പറയുന്ന അടിയന്തിര ആവശ്യത്തിനുള്ള സാമഗ്രികളും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

(ii) സേവനത്തിന്റെ വ്യാപ്തിക്കനുസരിച്ച് ആവശ്യമായ മറ്റ് സാമഗ്രികളും ഹോമിയോപ്പതി ഡിസ്പെൻസറിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

(iii) സാധനസാമഗ്രികളും മരുന്നുകളും സൂക്ഷിക്കുവാൻ മതിയായ സ്ഥലം ഉണ്ടായിരിക്കേണ്ടതും മരുന്നുകൾ ഉള്ള പക്ഷം അവ സൂക്ഷിച്ചുവെക്കുന്നതിന് നിർമ്മാതാക്കളുടെ മാർഗനിർദേശങ്ങൾ പാലിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സാധനസാമഗ്രികളെല്ലാം ജോലിഭാരം ലഘൂകരിക്കുന്നതിന് സഹായകമാകുന്നവയായിരിക്കണം.

(iv) സാധനസാമഗ്രികളെല്ലാം എല്ലായ്പ്പോഴും നന്നായി പ്രവർത്തനസജ്ജമായിരിക്കണം. അവ കൃത്യമായ ഇടവേളകളിൽ പരിശോധിക്കേണ്ടതും വൃത്തിയാക്കേണ്ടതും പരിപാലിക്കേണ്ടതുമാണ്.

(v) ഹോമിയോപ്പതി ക്ലിനിക്/ഡിസ്പെൻസറിയിൽ മരുന്ന് വിതരണം ഉണ്ടായിരിക്കേണ്ടതും ദീർഘകാല രോഗങ്ങളെല്ലാം ചികിത്സിക്കുന്നതിന് അനുബന്ധം 19 പ്രകാരമുള്ള അത്യാവശ്യ അടിസ്ഥാന മരുന്നുകൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതുമാണ്. കൂടാതെ സേവനത്തിന്റെ വ്യാപ്തിക്കനുസരിച്ച്, ആവശ്യമായ മറ്റ് മരുന്നുകളും ഉണ്ടായിരിക്കേണ്ടതാണ്.

(7) **അനുബന്ധസേവനം:** പൊതു മാലിന്യങ്ങൾ വേർതിരിക്കുന്നതും ശേഖരിക്കുന്നതും കൊണ്ടുപോകുന്നതും കൂട്ടിവെക്കുന്നതും നിർമാർജനം ചെയ്യുന്നതും തദ്ദേശ നിയമങ്ങൾക്ക് അനുസൃതമായിരിക്കണം.

(8) **നിയമപരമായ ആവശ്യകതകൾ**

| *ക്രമ നം* | *നിയമത്തിന്റെയും ലൈസൻസിന്റെയും പേര്* | *ലൈസൻസിങ് ബോഡി* |
|---|---|---|
| 1 | ഡോക്ടറുടെ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ | സംസ്ഥാന/കേന്ദ്ര മെഡിക്കൽ കൗൺസിൽ |
| 2 | ബയോ മെഡിക്കൽ മാനേജ്മെന്റ് ചട്ടം 2016 | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് |
| 3 | ഡിസ്പെൻസറി രജിസ്ട്രേഷൻ | സംസ്ഥാന കൗൺസിൽ-സി ഇ എ |

(9) **രേഖകളുടെ പരിപാലനവും റിപ്പോർട്ടിങ്ങും**

എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും അടിയന്തിര സാഹചര്യങ്ങളിലും ദുരന്ത സമയത്തും സാംക്രമിക രോഗങ്ങളുടെ സാഹചര്യത്തിലും അല്ലെങ്കിൽ സംസ്ഥാന-ദേശീയ പരിപാടികളോട് അനുബന്ധിച്ചും അല്ലെങ്കിൽ സമയാസമയങ്ങളിൽ സംസ്ഥാന-ദേശീയ കൗൺസിൽ ആവശ്യപ്പെടുമ്പോഴും വിവരങ്ങളും സ്ഥിതിവിവര കണക്കുകളും സമർപ്പിക്കേണ്ടതാണ്. ക്ലിനിക്കൽ സ്ഥാപനങ്ങൾ പരിപാലിക്കേണ്ട രജിസ്റ്ററുകളുടെ പട്ടിക അനുബന്ധം 20-ൽ നൽകിയിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(10) **നടപടിക്രമം**

(i) രജിസ്ട്രേഷൻ

(എ) സേവനം ആവശ്യമുള്ള എല്ലാ രോഗികളും രജിസ്റ്റർ ചെയ്യേണ്ടതാണ്.

(ബി) അനുബന്ധം 21 പ്രകാരമുള്ള രോഗിയുടെ അവകാശങ്ങളെക്കുറിച്ചും ചുമതലകളെക്കുറിച്ചും മാർഗനിർദേശം നൽകുകയും വിവരം നൽകുകയും ചെയ്യേണ്ടതാണ്.

(ii) അണുബാധ നിയന്ത്രണം.

(എ) അണുബാധ പ്രതിരോധിക്കുന്നതിന് കൈ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള എല്ലാ മുൻകരുതലുകളും ക്ലിനിക്കിൽ സ്വീകരിക്കേണ്ടതാണ്.

(ബി) ക്ലിനിക്കിന്റെ പ്രവൃത്തി സമയത്തുടനീളം കൈ കഴുകുന്നതിന് ശുദ്ധജലമോ ആവശ്യാനുസരണം അണുനാശിനിയോ ലഭ്യമാക്കേണ്ടതാണ്.

(സി) ശുചിമുറികൾ ഉണ്ടെങ്കിൽ അവ വൃത്തിയാക്കുകയും അണുവിമുക്തമാക്കുകയും ചെയ്യേണ്ടതാണ്.

(ഡി) രോഗി പരിചരണ സ്ഥലങ്ങൾ ദിവസേന ചുരുങ്ങിയത് ഒരു തവണയെങ്കിലും അണുനാശിനി ഉപയോഗിച്ച് തുടച്ച് വൃത്തിയാക്കേണ്ടതാണ്.

(iii) സുരക്ഷാ പരിഗണനകൾ

(എ) രോഗിയുടെ സുരക്ഷ സംബന്ധിച്ച കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നു എന്ന് ക്ലിനിക് ഉറപ്പുവരുത്തേണ്ടതാണ്.

(ബി) ക്ലിനിക് കീടങ്ങളിൽ നിന്നും ചിതലിൽ നിന്നും മുക്തമായിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iv) ബയോ മെഡിക്കൽ മാലിന്യസംസ്കരണം

(എ) ബയോ മെഡിക്കൽ മാലിന്യങ്ങൾ 2016 ലെ ബയോ മെഡിക്കൽ മാലിന്യ സംസ്കരണ ചട്ടങ്ങൾക്ക് അനുസരിച്ചായിരിക്കണം സംസ്കരിക്കേണ്ടത്.

(ബി) ക്ലിനിക്കിലെ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കേണ്ടതാണ്.

(സി) സൂചികളും മറ്റ് മൂർച്ചയുള്ള വസ്തുക്കളും കേടുവരുത്താനാവാത്തതും ചോർച്ചയില്ലാത്തതും വിള്ളലുകളില്ലാത്തതുമായ പാത്രങ്ങളിൽ സൂക്ഷിക്കേണ്ടതാണ്.

(v) പ്രഥമ ശുശ്രൂഷ

(എ) പ്രഥമശുശ്രൂഷ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടായിരിക്കേണ്ടതാണ്.

(ബി) അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട ആംബുലൻസ്, ആശുപത്രി തുടങ്ങിയവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**അനുബന്ധം 14**

<u>അടിസ്ഥാന സൗകര്യങ്ങൾ (അഭികാമ്യം)</u>

[ചട്ടം 5(3) (ii)കാണുക]

| *ക്രമ നമ്പർ* | *സ്ഥല സൗകര്യം* | *ആവശ്യമായ വിസ്തീർണം* | *അഭിപ്രായക്കുറിപ്പ്* |
|---|---|---|---|
| 1 | പൊതുവായ ഇടം (സ്വീകരണ മുറിയും കാത്തിരിപ്പ് സ്ഥലവും) | 200 ച. അടി. തറ വിസ്തീർണ്ണം | ആവശ്യമായ വായു സഞ്ചാരവും വെളിച്ചവും ലഭ്യമാക്കുക |
| 2 | പരിശോധനാ മുറി (അനുബന്ധ മുറി) | 100 ച. അടി. | ആവശ്യമായ സ്വകാര്യതയും, വായു സഞ്ചാരവും വെളിച്ചവും ലഭ്യമാക്കുക |
| 3 | ഫാർമസിയും മരുന്ന് സൂക്ഷിക്കുന്ന മുറിയും | 200 ച. അടി. | ആവശ്യമായ വായു സഞ്ചാരവും വെളിച്ചവും ലഭ്യമാക്കുക |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 4 | മുലയൂട്ടൽ മുറി | 1 | ആവശ്യമായ വായു സഞ്ചാരവും വെളിച്ചവും ലഭ്യമാക്കുക |
| 5 | സ്റ്റോർ റൂം, സ്റ്റാഫ് റൂം, ഓഫീസ് റൂം, മെഡിക്കൽ റെക്കോഡ് റൂം, ചികിത്സ/നിരീക്ഷണ റൂം, ജീവനക്കാർക്കും രോഗികൾക്കുമുള്ള ശുചിമുറി (ഇതിൽ ഒരെണ്ണം ഭിന്നശേഷി സൗഹൃദപരമായിരിക്കണം) | | ആവശ്യമായ വായു സഞ്ചാരവും വെളിച്ചവും ലഭ്യമാക്കുക. ശുചിത്വം ഉറപ്പുവരുത്തുക. |

<u>നോട്ട്</u>:—സ്വീകരണ മുറി, കാത്തിരിപ്പ് സ്ഥലം, ചികിത്സാ മുറി, മരുന്ന് സൂക്ഷിച്ചുവെക്കുന്ന മുറി മുതലായ ഇടങ്ങളിൽ ആശുപത്രിയുടെ തിരക്കിനും ആവശ്യകതയ്ക്കും അനുസരിച്ച് സൌകര്യമൊരുക്കിയിരിക്കണം. ഡിസ്പെൻസറിയുടെ ഏറ്റവും ചുരുങ്ങിയ സ്വീപ്പിങ് ഏറിയ 100 ചതുരശ്ര മീറ്ററായിരിക്കണം.

**അനുബന്ധം 15**

<u>ഫർണിച്ചറുകളും ഫിക്സ്ചറുകളും</u>

[ചട്ടം 5 (4) (ii) കാണുക]

| *ക്രമ നം.* | *സാമഗ്രികൾ* |
|---|---|
| 1 | പരിശോധന മേശ |
| 2 | ഡോക്ടർക്കിരിക്കാനുള്ള കസേര |
| 3 | കാത്തിരിപ്പ് സ്ഥലത്ത് രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഇരിക്കാനുള്ള കസേരകൾ |
| 4 | കാത്തിരിപ്പ് മുറി, പരിശോധനാമുറി, ഫാർമസി, മരുന്ന് സൂക്ഷിക്കുന്ന മുറി എന്നിവയ്ക്കിടയിൽ ദൃഢമായ മറവ് |
| 5 | എക്സാമിനേഷൻ ടേബിൾ |
| 6 | മരുന്നു സൂക്ഷിക്കാനും വിതരണം ചെയ്യാനുമുള്ള മതിയായ സൗകര്യം. |
| 7 | ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമാർജനം ചെയ്യാനുള്ള സൗകര്യം |
| 8 | പ്രത്യേക സേവനങ്ങൾ ലഭ്യമാണെങ്കിൽ അതുമായി ബന്ധപ്പെട്ട സൂചനാ ബോർഡുകൾ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം 16

<u>സ്വകാര്യ മേഖലയ്ക്ക് വേണ്ടിയുള്ള മാനവ വിഭവ ശേഷി</u>

[ചട്ടം 5 (5) (ii) കാണുക]

| *ക്രമ നമ്പർ* | *തസ്തിക* | *ഏറ്റവും ചുരുങ്ങിയ ആവശ്യകത* |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ | 1 |
| 2 | ഫാർമസിസ്റ്റ് | 1 |
| 3 | അറ്റൻഡർ | 1 |
| 4 | മൾടി പർപ്പസ് വർക്കർ | 1 |
| 5 | ഫുൾ/പാർട്ട് ടൈം സ്വീപ്പർ/ക്ലീനർ | 1 |

## അനുബന്ധം 17

<u>സാമഗ്രികൾ/ഉപകരണങ്ങൾ</u>

[ചട്ടം 5 (6) (I) കാണുക]

| *ക്രമ നമ്പർ* | *ഉപകരണം* | *ഏറ്റവും ചുരുങ്ങിയ മാനദണ്ഡം* | *എണ്ണം* |
|---|---|---|---|
| 1 | സ്റ്റെതസ്കോപ്പ് | | 1 |
| 2 | തെർമോമീറ്റർ | | 1 |
| 3 | ടോർച്ച് (ഫ്ലാഷ് ലൈറ്റ്) | | 1 |
| 4 | ബി.പി. അപാരറ്റസ് | | 1 |
| 5 | സ്റ്റാഡിയൊ മീറ്റർ | | 1 |
| 6 | വെയിങ് മെഷീൻ (മുതിർന്നവർക്കും കുട്ടികൾക്കുമുള്ളത്) | | 1 വീതം |
| 7 | എക്സ്-റെ വ്യൂവർ | | 1 |
| 8 | ടോക്കൺ സിസ്റ്റം | | 1 |
| 9 | വാട്ടർ പ്യൂരിഫയർ | | 1 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**അനുബന്ധം 18**

<u>അടിയന്തിര ആവശ്യത്തിനുള്ള ഉപകരണങ്ങൾ</u>

<u>സാധനസാമഗ്രികൾ/ഉപകരണങ്ങൾ</u>

(ചട്ടം 5 (6) (I) കാണുക)

| *ക്രമ നമ്പർ* | *ഉപകരണം* | *ഏറ്റവും ചുരുങ്ങിയ മാനദണ്ഡം* | *എണ്ണം* |
|---|---|---|---|
| 1 | അഗ്നിശമന ഉപകരണം | | 1 |

**അനുബന്ധം 19**

<u>അവശ്യ മരുന്നുകൾ</u>

[ചട്ടം 5 (6) (v) കാണുക]

| *ക്രമ നം.* | *മരുന്നുകളും സൺട്രീസും* |
|---|---|
| 1 | അകോണൈറ്റ് നാപ്പ് |
| 2 | അലോ സോക് |
| 3 | ആന്റിമൊണിയം ടാർട്ട് |
| 4 | എപ്പിസ് മെൽ |
| 5 | ആർണിക്ക മോണ്ടാന |
| 6 | ആഴ്സെനികം ആൽബം |
| 7 | ബെല്ലഡോണ |
| 8 | ബ്രയോണിയ ആൽബ |
| 9 | കൽകേരിയ കാർബ് |
| 10 | കാർബോ വെജ് |
| 11 | ചമോമില |
| 12 | സിന |
| 13 | കുപ്രം മെറ്റ് |
| 14 | യുപ്പറ്റോറിയം പെർഫോളിയറ്റം |
| 15 | ജെൽസീമിയം സെമ്പ് |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 16 | ഹെപ്പർ സൾഫറിസ് |
| 17 | കാലി ആർസെനികം |
| 18 | ഇപ്കാക്കുഞ്ഞ |
| 19 | ലൈക്കോപോഡിയം |
| 20 | മെർകുറിയസ് സോൾ |
| 21 | നാട്രം മൂർ |
| 22 | നക്സ് വൊമിക |
| 23 | ഫോസ്ഫറസ് |
| 24 | പൾസാറ്റില നിഗ് |
| 25 | റസ് ടോക്സ് |
| 26 | സെപിയ |
| 27 | സിലീഷ്യ |
| 28 | സൾഫർ |
| 29 | സക്കാറം ലാക്റ്റിസ് |
| 30 | ഗ്ളോബ്യൂൾസ് |

**അനുബന്ധം 20**

രജിസ്റ്ററുകൾ
[ചട്ടം 5 (9) കാണുക]

| *ക്രമ നം.* | *രജിസ്റ്ററിന്റെ പേര്* | *ആവശ്യമായ എണ്ണം* |
|---|---|---|
| 1 | ഒ പി രജിസ്റ്റർ | 1 |
| 2 | പ്രൊവിഷണൽ ഡയഗ്നോസിസ് രജിസ്റ്റർ | 1 |
| 3 | മരുന്നുകളുടെ രജിസ്റ്റർ | 1 |
| 4 | ഫർണിച്ചർ രജിസ്റ്റർ | 1 |
| 5 | ഉപകരണങ്ങളുടെ രജിസ്റ്റർ | 1 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം 21

<u>രോഗികളുടെ അവകാശങ്ങളും ചുമതലകളും</u>

[ചട്ടം 5 (10) (i) (ബി) കാണുക]

(i) രോഗികളുടെ അവകാശങ്ങൾ

ക്ലിനിക്കൽ സ്ഥാപനവുമായി ബന്ധപ്പെട്ട് ഒരു രോഗിക്കും അയാളുടെ പ്രതിനിധിക്കും താഴെ പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്—

1. സ്വഭാവം, രോഗകാരണം, നിർദേശിക്കപ്പെട്ടിരിക്കുന്ന പരിശോധനകളും പരിചരണവും, ചികിത്സയുടെ പ്രതീക്ഷിത ഫലം, പ്രതീക്ഷിത സങ്കീർണതകൾ, ചികിത്സാച്ചെലവ് എന്നിവ സംബന്ധിച്ച പ്രസക്തവും മതിയായതുമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന്,
2. ചികിത്സാ കാലയളവിൽ രഹസ്യസ്വഭാവം,, മനുഷ്യാന്തസ്സ്, സ്വകാര്യത എന്നിവയ്ക്ക്,
3. പുരുഷ ഡോക്ടർ വനിതാ രോഗിയുടെ ശരീരപരിശോധന നടത്തുന്നതിനിടയിൽ ഒരു സ്ത്രീ കൂടെയുണ്ടായിരിക്കണം എന്നത് ഉറപ്പുവരുത്തുവാൻ,
4. എച്ച്.ഐ.വി. പോലുള്ള സാഹചര്യങ്ങളിൽ രോഗികളോട് ചികിത്സയിലും പെരുമാറ്റത്തിലും വിവേചനം ഇല്ലാതിരിക്കുന്നതിന്.
5. കൂടുതൽ മെച്ചപ്പെട്ട ചികിത്സക്ക് അയക്കേണ്ടത് ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ, മതിയായ റഫറൻസ് കത്ത് സഹിതം ആയത് ചെയ്യുന്നതിന്.

(ii) രോഗികളുടെ ചുമതലകൾ

1. ആരോഗ്യസംബന്ധിയായ എല്ലാ വിവരങ്ങളും നൽകൽ.
2. പരിശോധനയ്ക്കിടയിലും ചികിത്സയ്ക്കിടയിലും ഡോക്ടറുമായി സഹകരിക്കൽ.
3. നിർദേശങ്ങൾ പാലിക്കൽ.
4. ആശുപത്രിയിൽ നിർദേശിക്കപ്പെട്ടിട്ടുള്ള നിശ്ചിതഫീസ് സമയാസമയത്ത് ഒടുക്കൽ.
5. ഡോക്ടറുടെയും മറ്റ് ആശുപത്രി ജീവനക്കാരുടെയും അന്തസ്സിനെ മാനിക്കൽ.
6. ബഹളത്തിലേക്കും അക്രമത്തിലേക്കും നീങ്ങാതിരിക്കൽ.
7. രോഗിയുടെയോ കൂടെയുള്ളവരുടെയോ ഭാഗത്തുനിന്നുണ്ടാകുന്ന ഏതൊരു സ്വഭാവദൂഷ്യത്തിനോ പെരുമാറ്റദൂഷ്യത്തിനോ നിയമ നടപടികൾ നേരിടേണ്ടിവരുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അണുബാധ നിയന്ത്രണവുമായി ബന്ധപ്പെട്ട് ക്ലിനിക്കൽ സ്ഥാപനത്തിനെ കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് ഗുണമേന്മാ സർട്ടിഫിക്കേഷന് പരിഗണിക്കുന്നതിനുള്ള നിലവാരങ്ങൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

| *ക്രമ നമ്പർ* | *നിലവാരങ്ങൾ* | *ഡിസ്പെൻസറി തരം 1* | *ഡിസ്പെൻസറി തരം 2* | *ഡിസ്പെൻസറി തരം 3* |
|---|---|---|---|---|
| **PAA 1.1** | **ഒ.പിക്കും കാഷ്വാലിറ്റിക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ** | | | |
| 1.1.1 | കുടിക്കാനുള്ള ശുദ്ധജലം ലഭ്യമാണ്. | √ | √ | √ |
| 1.1.2 | ശുചിമുറികളും ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക ശുചിമുറികളും ലഭ്യമാണ്. | | | √ |
| 1.1.3 | നിലവിലെ നിയമങ്ങൾക്ക് അനുസൃതമായുള്ള മാലിന്യ നിർമാർജനം | √ | √ | √ |
| **LSA 2.1** | **സാമ്പിൾ ശേഖരണം** | | | |
| 2.1.1 | ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം രക്തം ശേഖരിക്കുന്ന സ്ഥലത്ത് കളർ കോഡ് ചെയ്ത ബിന്നുകൾ ലഭ്യമാണ് | √ | √ | √ |
| **LSA 2.2** | **ലബോറട്ടറി സുരക്ഷ** | | | |
| 2.2.1 | വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നു. | | | √ |
| 2.2.2 | രക്തം പുറത്ത് തൂവുന്ന പക്ഷം ആയത് കൈകാര്യം | | | √ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| *ക്രമ നമ്പർ* | *നിലവാരങ്ങൾ* | *ഡിസ്പെൻസറി തരം 1* | *ഡിസ്പെൻസറി തരം 2* | *ഡിസ്പെൻസറി തരം 3* |
|---|---|---|---|---|
| | ചെയ്യുന്നതിനുള്ള പ്രോട്ടോക്കോൾ നിലവിലുണ്ട്. | | | |
| 2.2.3 | രസം പുറത്ത് തൂവുന്ന പക്ഷം ആയത് കൈകാര്യം ചെയ്യുന്നതിനുള്ള പ്രോട്ടോക്കോൾ നിലവിലുണ്ട്. | √ | | √ |
| 2.2.4 | അപകടകാരികളായ വസ്തുക്കൾ പുറത്തേക്ക് തെറിക്കുന്ന പക്ഷം ആയത് കൈകാര്യം ചെയ്യുന്നതിനുള്ള പ്രോട്ടോക്കോൾ നിലവിലുണ്ട്. | | | √ |
| 2.2.5 | ബയോമെഡിക്കൽ മാലിന്യ സംസ്കരണത്തിനുള്ള പ്രോട്ടോക്കോൾ നിലവിലുണ്ട്. | | | √ |
| **PCA 3.1** | **അടിയന്തിര സേവനങ്ങൾ** | | | |
| 3.1.1 | ടാപ് വെള്ളത്തിൽ കൈ കഴുകാനുള്ള സൗകര്യം ലഭ്യമാണ്. | √ | √ | √ |
| **AM A4.1** | **മരുന്നുകൾ സൂക്ഷിക്കൽ** | | | |
| 4.1.1 | നിർമ്മാതാക്കൾ നിഷ്കർഷിച്ച പ്രകാരം, വൃത്തിയുള്ളതും നല്ല വെളിച്ചവും വായു സഞ്ചാരവുമുള്ളതുമായ ഇടത്താണ് വാർഡിലെയും ഫാർമസിയിലെയും മരുന്നുകൾ സൂക്ഷിക്കുന്നത്. | √ | √ | √ |
| **ICA 5.1** | **ആശുപത്രിയിൽ നിന്ന് ഏൽക്കുന്ന അണുബാധ തടയുന്നതിൽ ആശുപത്രിയുടെ പങ്ക്** | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | നിലവാരങ്ങൾ | ഡിസ്പെൻസറി തരം 1 | ഡിസ്പെൻസറി തരം 2 | ഡിസ്പെൻസറി തരം 3 |
|---|---|---|---|---|
| 5.1.1 | ആശുപത്രിയിൽ നിന്ന് അണുബാധ ഏൽക്കാനുള്ള സാധ്യത കുറയ്ക്കുന്നതിനും ഇതിനായുള്ള നിരീക്ഷണ സംവിധാനങ്ങളെ നിയന്ത്രിക്കുന്നതിനുമായി ആശുപത്രിയിൽ ഒരു അണുബാധാ നിയന്ത്രണ സമിതിയുണ്ട്. | | | √ |
| 5.1.2 | കയ്യുറകൾ, മാസ്കുകൾ, സോപ്പുകൾ, അണുനാശിനികൾ എന്നിവ ഉണ്ടായിരിക്കുകയും ശരിയായി ഉപയോഗിക്കുകയും ചെയ്യുന്നു. | √ | √ | √ |
| 5.1.3 | രോഗികളെ പരിചരിക്കുന്ന ഇടങ്ങളിലെല്ലാം എൽബോ ടാപ്പ് ഉപയോഗിച്ച് കൈ കഴുകാനുള്ള സൗകര്യം ലഭ്യമാണ്. | | √ | √ |
| 5.1.4 | പ്രത്യേക ശ്രദ്ധ ആവശ്യമായ എന്തെങ്കിലും അസുഖമോ പകർച്ച വ്യാധിയോ ഉണ്ടായാൽ ആശുപത്രിയിൽ നിന്ന് ഉന്നതാധികാരികളെ അറിയിക്കും. | √ | √ | √ |
| **ICA 6.1** | **ബയോമെഡിക്കൽ മാലിന്യസംസ്കരണം** | | | |
| 6.1.1 | 1998-ലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ആൻഡ് ഹാന്റിലിങ് ചട്ടങ്ങൾ പ്രകാരം ബയോ മെഡിക്കൽ മാലിന്യങ്ങൾ പ്രത്യേകം കളർ കോഡ് ചെയ്ത ബാഗുകളിലും പാത്രങ്ങളിലുമാക്കി വേർതിരിക്കൽ. | √ | √ | √ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | നിലവാരങ്ങൾ | ഡിസ്പെൻസറി തരം 1 | ഡിസ്പെൻസറി തരം 2 | ഡിസ്പെൻസറി തരം 3 |
|---|---|---|---|---|
| 6.1.2 | ബയോമെഡിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർ റബ്ബർ കയ്യുറകൾ, ഗം ബൂട്ടുകൾ, പ്ലാസ്റ്റിക് ഏപ്രൺ, മാസ്കുകൾ തുടങ്ങിയ വ്യക്തിഗത സുരക്ഷാ ഉപാധികൾ ഉപയോഗിക്കുന്നു. | √ | √ | √ |
| 6.1.3 | ബാധകമാകുന്നയിടങ്ങളിലെല്ലാം ബയോ ഹസാർഡ് ചിഹ്നം പ്രദർശിപ്പിക്കുന്നു. | √ | √ | √ |
| **ICA 6.2** | **അണുവിമുക്തമാക്കൽ** | | | |
| 6.2.1 | പുനരുപയോഗിക്കാവുന്ന എല്ലാ മെഡിക്കൽ ഉപകരണങ്ങളും ഉപയോഗത്തിന് ശേഷം അണുവിമുക്തമാക്കുന്നു. | | √ | √ |
| **ICA 6.3** | **മാന്വലുകൾ** | | | |
| 6.3.1 | സ്ഥാപനങ്ങൾക്ക് വർഷത്തിൽ ഒരിക്കലെങ്കിലും പുതുക്കലുകൾ വരുത്തുന്ന ഒരു അണുബാധ നിയന്ത്രണ മാന്വൽ ഉണ്ട്. | | | √ |
| 6.3.2 | മാന്വലിൽ ഇനിയുള്ളവ ഉൾപ്പെടുന്നു; അണുബാധ നിയന്ത്രണ സമിതി, നിരീക്ഷണം, സ്റ്റാഫ് ഹെൽത്ത് പ്രോഗ്രാം, ഐസൊലേഷൻ, ഇൻഡ്വെല്ലിങ് ഉപകരണങ്ങളുടെയും സംവിധാനങ്ങളുടെയും പരിചരണം, അണുവിമുക്തമാക്കൽ, മാലിന്യസംസ്കരണം, ഹൗസ് കീപ്പിങ്, ഭക്ഷണം കൈകാര്യം | | | √ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | നിലവാരങ്ങൾ | ഡിസ്പെൻസറി തരം 1 | ഡിസ്പെൻസറി തരം 2 | ഡിസ്പെൻസറി തരം 3 |
|---|---|---|---|---|
| | ചെയ്യലും കൈകാര്യം ചെയ്യുന്നവരും, തുണിയലക്കൽ, പകർച്ചവ്യാധികൾ പൊട്ടിപ്പുറപെടുന്നത് സംബന്ധിച്ച അന്വേഷണം, പ്രത്യേക പരിചരണ യൂനിറ്റുകൾ, സന്ദർശക നയങ്ങൾ.; | | | |
| **ICA 6.4** | **സേവനത്തിലുള്ളവർക്കും പുതിയ ജീവനക്കാർക്കുമുള്ള പരിശീലനം** | | | |
| 6.4.1 | കൈ കഴുകൽ | √ | √ | √ |
| 6.4.2 | ബയോ മെഡിക്കൽ മാലിന്യസംസ്കരണവും വേർതിരിക്കലും | √ | √ | √ |
| 6.4.3 | രക്തം, രസം എന്നിവ പുറത്ത് തൂവുന്നത് കൈകാര്യം ചെയ്യൽ | | √ | √ |
| 6.4.4 | സുരക്ഷിതമായ കുത്തിവയ്പ്പും ഇൻഫ്യൂഷൻ രീതികളും | | √ | √ |
| 6.4.5 | ഹൗസ് കീപ്പിങ്, ലിനൻ മാനേജ്മെന്റ് | | √ | √ |
| **ICA 6.5** | **രജിസ്റ്ററുകൾ** | | | |
| 6.5.1 | ഹൗസ് കീപ്പിങ് രജിസ്റ്റർ | | | √ |
| 6.5.2 | ഉപകരണങ്ങൾ രോഗാണു വിമുക്തമാക്കുന്നതിന്റെ രജിസ്റ്റർ | | | √ |
| 6.5.3 | സൂചി മുറിവുകൾ സംബന്ധിച്ച രജിസ്റ്റർ | | | √ |
| 6.5.4 | പോസ്റ്റ് എക്സ്പോഷർ പ്രൊഫൈലാക്സിസ് രജിസ്റ്റർ | | | √ |
| 6.5.5 | പരിശീലന രജിസ്റ്റർ | | | √ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | നിലവാരങ്ങൾ | ഡിസ്പെൻസറി തരം 1 | ഡിസ്പെൻസറി തരം 2 | ഡിസ്പെൻസറി തരം 3 |
|---|---|---|---|---|
| **RAA 7.1** | **പരിശീലനം** | | | |
| 7.1.1 | ജോലി മാറ്റം വരുമ്പോഴും/ പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുമ്പോഴുമുള്ള പരിശീലനം | √ | √ | √ |
| 7.1.2 | ആശുപത്രിയുടെ ആവശ്യാനുസരണം സുരക്ഷ, അണുബാധ നിയന്ത്രണം, അപകടസാധ്യത കൈകാര്യം ചെയ്യൽ, എന്നീ മേഖലകളിൽ പരിശീലന സമയക്രമം തയ്യാറാക്കൽ. | √ | √ | √ |
| **IRA 8.1** | **വിഭാഗങ്ങൾക്കോ വകുപ്പുകൾക്കോ ഉള്ള ചുരുക്കം ആവശ്യകതകൾ** | | | |
| 8.1.1 | ആട്ടോക്ലേവ് | | | √ |

**7. ഹോമിയോപ്പതി ആശുപത്രികൾ പരിപാലിക്കേണ്ടതായ നിലവാരങ്ങൾ:** ഹോമിയോപ്പതി ആശുപത്രി എന്നാൽ, ഹോമിയോപ്പതി മരുന്നുകളും അനുബന്ധവസ്തുക്കളും ഉപയോഗിച്ച് യോഗ്യതയുള്ള ജീവനക്കാരുടെ സഹായത്തോടെ സ്പെഷ്യാലിറ്റി പരിചരണം നൽകിയോ അല്ലാതെയോ ഔട്പേഷ്യന്റ്, ഇൻപേഷ്യന്റ് ചികിത്സ നൽകുന്ന ഒരു ക്ലിനിക്കൽ സ്ഥാപനം എന്ന് അർത്ഥമാകുന്നു.

(I) ഹോമിയോ ആശുപത്രികളുടെ വർഗ്ഗീകരണം: നൽകുന്ന പരിചരണത്തിന്റെ നിലവാരം അടിസ്ഥാനമാക്കി, 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിന് കീഴിൽ ഹോമിയോപ്പതി ആശുപത്രികൾകളെ താഴെ നിർവചിച്ചിരിക്കുന്ന പ്രകാരം തരം തിരിക്കുന്നു;

**ആശുപത്രി വിഭാഗം ഒന്ന് — 25 കിടക്കകളിൽ താഴെയുള്ള ആശുപത്രി**

(എ) ആശുപത്രി വിഭാഗം 1 (എ) — 10 കിടക്കകൾ വരെയുള്ള ആശുപത്രി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഒ.പി. രോഗികൾക്കും ഐ.പി. രോഗികൾക്കും പരിശോധന, ചികിത്സ, മരുന്ന് കുറിപ്പടി, മരുന്ന് വിതരണം എന്നിങ്ങനെയുള്ള പൊതുവായ ഹോമിയോപ്പതി മെഡിക്കൽ സേവനങ്ങൾ നൽകുന്ന ഒന്നോ അതിലധികമോ ഹോമിയോപ്പതി ഡോക്ടർമാരോ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് ഹോമിയോപ്പതി ഡോക്ടർമാരോ ഉള്ള സ്ഥാപനം.

(ബി) ആശുപത്രി വിഭാഗം1 (ബി)— 10 - 25നും കിടക്കകൾ വരെയുള്ള ആശുപത്രി.

ഒ.പി. രോഗികൾക്കും ഐ.പി. രോഗികൾക്കും പരിശോധന, ചികിത്സ, മരുന്ന് കുറിപ്പടി, മരുന്ന് വിതരണം എന്നിങ്ങനെയുള്ള പൊതുവായ ഹോമിയോപ്പതി മെഡിക്കൽ സേവനങ്ങൾ നൽകുന്ന രണ്ടോ അതിലധികമോ ഹോമിയോപ്പതി ഡോക്ടർമാരോ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് ഹോമിയോപ്പതി ഡോക്ടർമാരോ ഉള്ള സ്ഥാപനം.

(സി) വിഭാഗം 1 (എ), വിഭാഗം 1 (ബി) ആശുപത്രികളിൽ വന്ധ്യത ചികിത്സ, സ്ത്രീ സംരക്ഷണം, കൗമാരക്കാരുടെ ആരോഗ്യ സംരക്ഷണം, സാംക്രമികേതര രോഗങ്ങൾ (എൻസിഡികൾ), തൈറോയ്ഡ് രോഗങ്ങൾ, വാത രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, അലർജി രോഗങ്ങൾ, ഓട്ടിസം പോലുള്ള വളർച്ചാ വൈകല്യങ്ങൾ, മാനസികരോഗം, ലഹരി വിമുക്തി മുതലായവ പോലുള്ള പ്രത്യേക സേവനങ്ങളും ഉൾപ്പെടേണ്ടതാണ്.

(ഡി) യോഗ്യതയുള്ള വ്യക്തികളുടെ മേൽനോട്ടത്തിൽ, സർക്കാർ അംഗീകൃത ആരോഗ്യ പരിപാലന രീതികളായ യോഗ, ഫിസിയോതെറാപ്പി, കൗൺസിലിങ് എന്നിവ ചെയ്യാവുന്നതാണ്.

(ഇ) വിഭാഗം 1 (എ), വിഭാഗം1 (ബി) ആശുപത്രികൾ അതാത് സേവനങ്ങൾക്കും, ആശുപത്രിയിലെ കിടക്കകളുടെ എണ്ണത്തിനും അനുസൃതമായ അനുബന്ധസംവിധാനങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

കുറിപ്പ്: സ്പെഷ്യലിസ്റ്റ്/സ്പെഷ്യാലിറ്റി എന്നത് ഹോമിയോപ്പതിക് ചികിത്സകന്റെ വിദ്യാഭ്യാസ യോഗ്യതയെയല്ല, മറിച്ച് സ്പെഷ്യാലിറ്റി ക്ലിനിക്ക് പ്രവർത്തിക്കുന്ന രോഗാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്.

(ii) **ആശുപത്രി വിഭാഗം രണ്ട്—25 മുതൽ 100 വരെ കിടക്കകൾ വരെ**

(എ) ഒ.പി. രോഗികൾക്കും ഐ.പി. രോഗികൾക്കും പരിശോധന, ചികിത്സ, മരുന്ന് കുറിപ്പടി, മരുന്ന് വിതരണം എന്നിങ്ങനെയുള്ള പൊതുവായ ഹോമിയോപ്പതി മെഡിക്കൽ സേവനങ്ങളോടൊപ്പം ലബോറട്ടറി സൗകര്യങ്ങൾ കൂടി ലഭ്യമാക്കുന്ന മൂന്നോ അതിലധികമോ ഹോമിയോപ്പതി ഡോക്ടർമാരോ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് ഹോമിയോപ്പതി ഡോക്ടർമാരോ ഉള്ള സ്ഥാപനം.

(ബി) വന്ധ്യതചികിത്സ, സ്ത്രീ ആരോഗ്യ സംരക്ഷണം, കൗമാരക്കാരുടെ ആരോഗ്യ സംരക്ഷണം, സാംക്രമികേതര രോഗങ്ങൾ (എൻ.സി.ഡി), തൈറോയ്ഡ് രോഗങ്ങൾ, വാതസംബന്ധിയായ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, അലർജി രോഗങ്ങൾ, ഓട്ടിസം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പോലുള്ള വളർച്ചാ വൈകല്യങ്ങൾ, മാനസിക രോഗങ്ങൾ, ലഹരി വിമുക്തി ചികിത്സ മുതലായവയാണ് ലഭ്യമായ സ്പെഷ്യാലിറ്റി സേവനങ്ങൾ

(സി) യോഗ്യതയുള്ള വ്യക്തികളുടെ മേൽനോട്ടത്തിൽ, സർക്കാർ അംഗീകൃത ആരോഗ്യ പരിപാലന രീതികളായ യോഗ, ഫിസിയോതെറാപ്പി, കൗൺസിലിങ് എന്നിവ ചെയ്യാവുന്നതാണ്.

കുറിപ്പ്:—സ്പെഷ്യലിസ്റ്റ്/സ്പെഷ്യാലിറ്റി എന്നത് ഹോമിയോപ്പതിക് ചികിത്സകന്റെ വിദ്യാഭ്യാസ യോഗ്യതയല്ല, മറിച്ച് സ്പെഷ്യാലിറ്റി ക്ലിനിക്ക് പ്രവർത്തിക്കുന്ന രോഗാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്.

(iii) **ആശുപത്രി വിഭാഗം മൂന്ന്—100 ഓ അതിൽ കൂടുതലോ കിടക്കകളുള്ളവ**

(എ) ഒ.പി. രോഗികൾക്കും ഐ.പി. രോഗികൾക്കും പരിശോധന, ചികിത്സ, മരുന്ന് കുറിപ്പടി, മരുന്ന് വിതരണം എന്നിങ്ങനെയുള്ള പൊതുവായ ഹോമിയോപ്പതി മെഡിക്കൽ സേവനങ്ങളോടൊപ്പം ലബോറട്ടറി സൗകര്യങ്ങൾ, ഇമേജിങ് സേവനങ്ങൾ, ചെറിയ ഓപ്പറേഷൻ തിയറ്റർ സംവിധാനം, ആംബുലൻസ് സൗകര്യം എന്നിവയും അതോടൊപ്പം ഒന്നോ അതിലധികമോ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ലഭ്യമാക്കുന്ന ഒമ്പതോ അതിലധികമോ ഹോമിയോപ്പതി ഡോക്ടർമാരും മൂന്നോ അതിലധികമോ സ്പെഷ്യലിസ്റ്റ് ഹോമിയോപ്പതി ഡോക്ടർമാരും ഉള്ള സ്ഥാപനം.

(ബി) വന്ധ്യതചികിത്സ, സ്ത്രീ ആരോഗ്യസംരക്ഷണം, കൗമാരക്കാരുടെ ആരോഗ്യ സംരക്ഷണം, സാംക്രമികേതര രോഗങ്ങൾ (എൻ.സി.ഡി), തൈറോയ്ഡ് രോഗങ്ങൾ, വാതസംബന്ധിയായ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, അലർജി രോഗങ്ങൾ, ഓട്ടിസം പോലുള്ള വളർച്ചാ വൈകല്യങ്ങൾ, മാനസികരോഗം, ലഹരി വിമുക്തി ചികിത്സ മുതലായവയാണ് ലഭ്യമായ സ്പെഷ്യാലിറ്റി സേവനങ്ങൾ.

(സി) യോഗ്യതയുള്ള വ്യക്തികളുടെ മേൽനോട്ടത്തിൽ, സർക്കാർ അംഗീകൃത ആരോഗ്യ പരിപാലന രീതികളായ യോഗ, ഫിസിയോതെറാപ്പി, കൗൺസിലിങ് എന്നിവ ചെയ്യാവുന്നതാണ്.

കുറിപ്പ്:—സ്പെഷ്യലിസ്റ്റ്/സ്പെഷ്യാലിറ്റി എന്നത് ഹോമിയോപ്പതിക് ചികിത്സകന്റെ വിദ്യാഭ്യാസ യോഗ്യതയല്ല, മറിച്ച് സ്പെഷ്യാലിറ്റി ക്ലിനിക്ക് പ്രവർത്തിക്കുന്ന രോഗാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്.

(2) **വ്യാപ്തി:—**ഈ ചട്ടത്തിൽപ്പറയുന്ന നിലവാരങ്ങൾ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ബാധകമാണ്;

(i) ഈ ഗണത്തിൽ പെടുന്ന ഏറ്റവും കുറഞ്ഞ പൊതുമാനദണ്ഡങ്ങൾ, രോഗികൾക്ക് ചികിത്സാ നിർദേശം നൽകൽ, മരുന്നുകൾ വിതരണം ചെയ്യൽ എന്നിവ പോലുള്ള നടപടിക്രമങ്ങളിലൂടെ ആരോഗ്യ പരിചരണ സേവനങ്ങൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നൽകുന്ന ഒന്നോ അതിലധികമോ ഹോമിയോപ്പതി ചികിത്സകർ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് ഹോമിയോപ്പതി ചികിത്സകർ എന്നിവർക്ക്;

(ii) ഒന്നോ അതിലധികമോ ഹോമിയോപ്പതി ചികിത്സകർ, അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് ഹോമിയോപ്പതി ചികിത്സകർ എന്നിവർ നിശ്ചിതയോഗ്യതയുള്ള ജീവനക്കാരുടെ സഹായത്തോടെ ഹോമിയോപ്പതി മരുന്നുകളും പൂരകങ്ങളും ഉപയോഗിച്ച് ഒ.പി./ഐ.പി. രോഗികളെ പരിശോധിക്കൽ, അവർക്ക് ചികിത്സാനിർദേശം നൽകൽ, മരുന്ന് കുറിപ്പടി നൽകൽ എന്നിവ നൽകുന്ന സ്ഥാപനങ്ങൾ;

(iii) ആരോഗ്യ വിദ്യാഭ്യാസത്തിനും ആരോഗ്യപ്രചരണത്തിനും, രോഗ പ്രതിരോധത്തിനുമുള്ള നിർദേശങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ;

(iv) താഴെ പ്പറയുന്നവയിൽ ഏതെങ്കിലും ഒന്നോ അതിലധികമോ ചികിത്സകൾ നൽകുന്ന സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. അതായത്;

(എ) പൊതുവായ ഒ.പി. ചികിത്സ;

(ബി) കിടത്തി ചികിത്സ;

(സി) ആസ്ത്മയും അലർജിയും;

(ഡി) ത്വക് രോഗം;

(ഇ) കുട്ടികളുടെയും കൗമാരക്കാരുടെയും പരിചരണം;

(എഫ്) അർബുദ പരിചരണം;

(ജി) എൻഡോക്രൈനോളജി (അന്തഃസ്രാവി ഗ്രന്ഥികളുമായി ബന്ധപ്പെട്ട പരിചരണം);

(എച്ച്) സാംക്രമികേതര രോഗങ്ങൾ (എൻ.സി.ഡി.);

(ഐ) മാനസികാരോഗ്യ പരിചരണം;

(ജെ) മൂലവ്യാധികൾ;

(കെ) മൂത്രത്തിൽ കല്ല്;

(എൽ) വന്ധ്യത നിവാരണവും ശിശു പരിചരണവും;

(എം) വയോജന രോഗങ്ങളും വാതസംബന്ധിയായ രോഗങ്ങളും;

(എൻ) ലഹരി വിമുക്തി ചികിത്സ മുതലായവ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(v) യോഗ്യതയുള്ള വ്യക്തികളുടെ മേൽനോട്ടത്തിൽ, സർക്കാർ അംഗീകൃത ആരോഗ്യ പരിപാലന രീതികളായ യോഗ, ഫിസിയോതെറാപ്പി, കൗൺസിലിങ് എന്നിവ ചെയ്യാവുന്നതാണ്.

കുറിപ്പ്.—സ്പെഷ്യലിസ്റ്റ്/സ്പെഷ്യാലിറ്റി എന്നത് ഹോമിയോപ്പതിക് ചികിത്സകന്റെ വിദ്യാഭ്യാസ യോഗ്യതയല്ല, മറിച്ച് സ്പെഷ്യാലിറ്റി ക്ലിനിക്ക് ഏത് രോഗത്തിന് വേണ്ടിയാണോ പ്രവർത്തിക്കുന്നത് അതിനെയാണ് സൂചിപ്പിക്കുന്നത്.

(3) **അടിസ്ഥാന സൗകര്യങ്ങൾ**

(i) ഒ.പി./ഐ.പി. രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും, ജീവനക്കാർക്കും, സന്ദർശകർക്കും സ്വസ്ഥവും സുരക്ഷിതവുമായ അന്തരീക്ഷം ലഭ്യമാവുന്ന തരത്തിലുള്ള പശ്ചാത്തലസൗകര്യങ്ങൾ ആയിരിക്കണം ഉണ്ടാക്കേണ്ടതും നിലനിർത്തേണ്ടതും. അതിന്റെ പരിസരം വൃത്തിയുള്ളതും അതോടൊപ്പം അതത് കാലങ്ങളിൽ പ്രാദേശികമായി നിലനിൽക്കുന്ന നിയമാവലികൾക്ക് വിധേയമായിരിക്കുകയും വേണ്ടതാണ്.

(ii) സ്ഥാപനത്തിന്റെ അടിസ്ഥാന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഏറ്റവും കുറഞ്ഞ സ്ഥലസൗകര്യം **അനുബന്ധം 22** പ്രകാരം ആയിരിക്കണം.

(iii) ആശുപത്രി വെളിച്ചമുള്ളതും, വായു സഞ്ചാരമുള്ളതും, വൃത്തിയുള്ളതും ആയിരിക്കണം. അതോടൊപ്പം തടസ്സമില്ലാതെ വെള്ളവും വൈദ്യുതിയും ലഭിക്കുന്നതുമായിരിക്കണം.

(iv) ആശുപത്രിയുടെ പേര്, സ്ഥലത്തിന്റെ പേര് എന്നിവ പ്രാദേശിക ഭാഷയിൽ വ്യക്തമായി രേഖപ്പെടുത്തിയ ഒരു ബോർഡോ ഫലകമോ സ്ഥാപനത്തിന്റെ ഗേറ്റിലോ കെട്ടിടത്തിലോ പ്രദർശിപ്പിച്ചിരിക്കണം.

(v) ചുവടെ ചേർക്കുന്ന മറ്റ് ബോർഡുകൾ തദ്ദേശവാസികൾക്ക് മനസ്സിലാകുന്ന ഭാഷയിൽ വ്യക്തമായ രീതിയിൽ പ്രദർശിപ്പിച്ചിരിക്കണം.

(എ) ഡോക്ടർമാരുടെ പേരും രജിസ്ട്രേഷൻ നമ്പറും;

(ബി) ലാബ് പരിശോധനകൾക്കുള്ള സൗകര്യമുണ്ടെങ്കിൽ ആയതിന്റെ നിരക്കുകൾ;

(സി) ചികിത്സാ സേവനങ്ങളുടേയും ലാബ് ടെസ്റ്റുകളുടേയും സമയ ക്രമം;

(ഡി) സ്ഥാപനത്തിന്റെ ഫോൺനമ്പർ;

(ഇ) സ്ഥാപനത്തിന്റെ സി. ഇ. എ. രജിസ്ട്രേഷൻ നമ്പർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) **ഫർണിച്ചറുകളും ഫിക്സ്ചറുകളും**

(i) ഹോമിയോപ്പതി ആശുപത്രിയിലെ കിടക്കകളുടെ എണ്ണത്തിനും ജോലിഭാരത്തിനും പ്രവർത്തനങ്ങൾക്കും അനുസരിച്ചുള്ള ഫർണിച്ചറുകളും ഫിക്സ്ചറുകളും സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

(ii) ഫർണിച്ചറും ഫിക്സ്ചറുകളും മുഴുവൻ സമയവും ഉപയോഗയോഗ്യമായിരിക്കണം. ഇനങ്ങളുടെ പട്ടികയ്ക്കായി **അനുബന്ധം 23** കാണുക.

(5) **ഉപകരണങ്ങളും സാമഗ്രികളും**

(i) ഒരു ഹോമിയോപ്പതി ആശുപത്രിയിൽ **അനുബന്ധം 24** പ്രകാരം അത്യാവശ്യമായ നോൺ മെഡിക്കൽ/മെഡിക്കൽ ഉപകരണങ്ങളും **അനുബന്ധം 25** പ്രകാരം അടിയന്തിര ആവശ്യത്തിനുള്ള ഉപകരണങ്ങളും ഉണ്ടായിരിക്കണം.

(ii) സേവനത്തിന്റെ വ്യാപ്തിക്കനുസരിച്ച് ആവശ്യമായ മറ്റ് സാമഗ്രികളും ഹോമിയോപ്പതി ആശുപത്രിയിൽ ലഭ്യമാക്കേണ്ടതാണ്.

(iii) സാധന സാമഗ്രികളും മരുന്നുകളും സൂക്ഷിക്കുവാൻ മതിയായ സ്ഥലം ഉണ്ടായിരിക്കേണ്ടതും മരുന്നുകൾ ഉള്ള പക്ഷം അവ സൂക്ഷിച്ചുവെക്കുന്നതിന് നിർമ്മാതാക്കളുടെ മാർഗനിർദേശങ്ങൾ പാലിക്കേണ്ടതുമാണ്. സാമഗ്രികളെല്ലാം ജോലിഭാരം ലഘൂകരിക്കുന്നതിന് സഹായകമാകുന്നവയായിരിക്കണം.

(iv) സാമഗ്രികളെല്ലാം എല്ലായ്പ്പോഴും നന്നായി പ്രവർത്തനസജ്ജമായിരിക്കണം. അവ കൃത്യമായ ഇടവേളകളിൽ പരിശോധിക്കേണ്ടതും വൃത്തിയാക്കേണ്ടതും പരിപാലിക്കേണ്ടതുമാണ്.

(6) **മരുന്നുകൾ**

(i) പൊതുമേഖലയിലെ ഹോമിയോപ്പതി ആശുപത്രിയിൽ **അനുബന്ധം 26** അനുസരിച്ച് അടിസ്ഥാന അവശ്യ മരുന്നുകളും ഉപയോഗവസ്തുക്കളും ഉണ്ടായിരിക്കണം. എന്നിരുന്നാലും ആശുപത്രി സേവനത്തിന്റെ വ്യാപ്തി അനുസരിച്ചുള്ള മറ്റ് മരുന്നുകളും ഉണ്ടായിരിക്കേണ്ടതാണ്.

(ii) അത്യാവശ്യ മരുന്നുകളും ഉപയോഗവസ്തുക്കളും എല്ലാ സമയത്തും ലഭ്യമായിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) മരുന്ന് സൂക്ഷിച്ചുവെക്കുന്നത് വൃത്തിയുള്ളതും നല്ല വെളിച്ചമുള്ളതും സുരക്ഷിതവുമായ അന്തരീക്ഷത്തിലായിരിക്കണം. അതോടൊപ്പം ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതവുമായിരിക്കണം.

(7) **മാനവ വിഭവശേഷി**

(i) ഹോമിയോപ്പതി ആശുപത്രിയിലെ ഡോക്ടർ(മാർ) സ്പെഷ്യലിസ്റ്റ് ഡോക്ടർ എന്നിവർ സംസ്ഥാന മെഡിക്കൽ കൗൺസിലിൽ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

(ii) സേവനത്തിന്റെ വ്യാപ്തിയനുസരിച്ച്, ആശുപത്രിയിൽ യോഗ്യതയുള്ള പരിശീലനം നേടിയ നഴ്സിങ്/ പാരാമെഡിക്കൽ മറ്റ് ജീവനക്കാർ എന്നിവർ ഉണ്ടായിരിക്കണം. വിശദാംശങ്ങൾ **അനുബന്ധം** 27 നോക്കുക.

(8) **അനുബന്ധസേവനം**

(i) ആശുപത്രിയിൽ ഒരു രജിസ്ടേഷൻ/ഹെൽപ്പ് ഡെസ്ക്/ബില്ലിങ് കൗണ്ടർ ഉണ്ടായിരിക്കേണ്ടതാണ്.

(ii) പൊതു മാലിന്യങ്ങൾ വേർതിരിക്കുന്നതും ശേഖരിക്കുന്നതും കൊണ്ടുപോകുന്നതും കൂട്ടിവെക്കുന്നതും നിർമാർജനം ചെയ്യുന്നതും തദ്ദേശ നിയമങ്ങൾക്ക് അനുസൃതമായിരിക്കണം.

(iii) പൊതു മാലിന്യങ്ങൾ വേർതിരിക്കുന്നതും ശേഖരിക്കുന്നതും കൊണ്ടുപോകുന്നതും കൂട്ടിവെക്കുന്നതും നിർമാർജനം ചെയ്യുന്നതും ബയോ മെഡിക്കൽ മാലിന്യം കൈകാര്യം ചെയ്യുന്ന നിയമങ്ങൾക്ക് അനുസൃതമായിരിക്കണം.

(iv) ആംബുലൻസ്, ലബോറട്ടറി, ഫിസിയോതെറാപ്പി, ലോൺട്രി എന്നീ സൗകര്യങ്ങൾ ആശുപത്രിയിൽ സ്ഥിരമായോ അല്ലെങ്കിൽ വിളിച്ചാൽ കിട്ടുന്ന തരത്തിലോ ഉണ്ടായിരിക്കേണ്ടതാണ്.

(9) **നിയമപരമായ ആവശ്യകതകൾ**

| *ക്രമ നം.* | *നിയമത്തിന്റെയും അനുമതിയുടെയും പേര്* | *അനുമതി നൽകുന്ന സമിതി/സ്ഥാപനം* |
|---|---|---|
| 1 | ഡോക്ടർമാരുടെ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ | സംസ്ഥാന മെഡിക്കൽ കൗൺസിൽ |
| 2 | ജനറൽ/ ബയോ മെഡിക്കൽ മാനേജ്മെന്റ് ചട്ടം 2016 | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് |
| 3 | ആശുപത്രി രജിസ്ടേഷൻ | സംസ്ഥാന കൗൺസിൽ - സി ഇ എ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മറ്റുള്ള നിയമപരമായ ആവശ്യകതകൾ സംബന്ധിച്ച് **അനുബന്ധം 28**-ലെ പട്ടിക കാണുക.

(10) **രേഖകളുടെ പരിപാലനവും റിപ്പോർട്ടിങ്ങും**

(i) ഭരണപരവും ആരോഗ്യപരവുമായ അവശ്യ രേഖകൾ ആശുപത്രി ഭരണസംവിധാനം പരിപാലിക്കേണ്ടതാണ്.

(ii) അടിയന്തിര സാഹചര്യങ്ങളിലും ദുരന്ത സമയത്തും സാംക്രമിക രോഗങ്ങളുടെ സാഹചര്യത്തിലും അല്ലെങ്കിൽ സംസ്ഥാന-ദേശീയ പരിപാടികളോട് അനുബന്ധിച്ചും അല്ലെങ്കിൽ സമയാസമയങ്ങളിൽ സംസ്ഥാന-ദേശീയ കൗൺസിൽ ആവശ്യപ്പെടുമ്പോഴും വിവരങ്ങളും സ്ഥിതിവിവര കണക്കുകളും സമർപ്പിക്കേണ്ടത് എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളുടേയും ഉത്തരവാദിത്തമാണ്.

(iii) ആരോഗ്യ രേഖകൾ അതേപടിയോ ഡിജിറ്റൽ രീതിയിലോ പരിപാലിക്കേണ്ടതാണ്.

(iv) രേഖകളുടെ രഹസ്യാത്മകത, സുരക്ഷ, സമഗ്രത തുടങ്ങിയവ ആശുപത്രി ഉറപ്പുവരുത്തേണ്ടതാണ്.

(v) കിടപ്പ് രോഗികളുടെ ആരോഗ്യ രേഖകൾ ദേശീയമോ തദ്ദേശീയമോ ആയ നിയമത്തിനും കോടതി ഉത്തരവുകൾക്കും അനുസരിച്ചായിരിക്കണം പരിപാലിക്കേണ്ടത്.

(vi) പരിപാലിക്കേണ്ട രേഖകളുടെ വിശദാംശങ്ങൾക്ക് **അനുബന്ധം 29** കാണുക.

(11) **അടിസ്ഥാന നടപടിക്രമങ്ങൾ**

(i) സ്ഥാപനത്തിൽ ലഭ്യമല്ലാത്ത സേവനങ്ങൾക്കൊഴികെ ആശുപത്രി സന്ദർശിക്കുന്ന എല്ലാ രോഗികളേയും രജിസ്റ്റർ ചെയ്യേണ്ടതാണ്. അങ്ങനെയുള്ള അവസരങ്ങളിൽ സ്ഥാപനത്തിൽ ലഭ്യമല്ലാത്ത സേവനങ്ങൾ ലഭിക്കുന്ന ഏറ്റവും അടുത്തുള്ള ആരോഗ്യകേന്ദ്രത്തിലേക്ക് പോകുവാൻ അവർക്ക് മാർഗനിർദ്ദേശം നൽകേണ്ടതാണ്.

(ii) അനുബന്ധം 30 പ്രകാരമുള്ള രോഗിയുടെ അവകാശങ്ങളെക്കുറിച്ചും ചുമതലകളെക്കുറിച്ചും ചികിത്സയ്ക്ക് വരുന്ന ഏകദേശ ചെലവുകളെക്കുറിച്ചും മൂന്നാം കക്ഷി സേവനങ്ങളെക്കുറിച്ചും (ഉദാഹരണത്തിന് ഇൻഷുറൻസ്) രോഗിക്ക് വിവരവും മാർഗനിർദേശവും നൽകേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) എല്ലാ രോഗികളെയും പരിശോധനയ്ക്ക് വിധേയരാക്കേണ്ടതാണ്. പരിശോധനയ്ക്ക് വിധേയരാക്കുമ്പോൾ രോഗിയുടെ വിവരങ്ങൾ, നൽകിയ മരുന്നിന്റെ വിവരങ്ങൾ, പരിശോധനാ വിവരങ്ങൾ തുടങ്ങിയവ രോഗ നിർണ്ണയം സഹിതം വ്യക്തമായി റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതും അതിൽ ഡോക്ടർ ഒപ്പ് വെക്കേണ്ടതുമാണ്.

(iv) കിടക്ക ഒഴിവില്ലാത്ത സാഹചര്യത്തിലോ അടിയന്തിര ചികിത്സ ആവശ്യമായ സാഹചര്യത്തിലോ, ആവശ്യമായ ആശുപത്രി വിവരങ്ങൾ/കുറിപ്പുകൾ/ഡിസ്ചാർജ് സമ്മറി/ റഫറൽ കത്ത് എന്നിവ സഹിതം രോഗിയെ മറ്റൊരു ആരോഗ്യ കേന്ദ്രത്തിലേക്ക് റഫർ ചെയ്യേണ്ടതാണ്.

## അനുബന്ധം 22

<u>ഹോമിയോപ്പതി ആശുപത്രിയ്ക്കാവശ്യമായ ഏറ്റവും ചുരുങ്ങിയ സ്ഥലസൗകര്യം</u>

[ചട്ടം 7 (3) (ii) കാണുക]

| *ക്രമ നം.* | | *വിസ്തീർണം* | *വിശദാംശങ്ങൾ* |
|---|---|---|---|
| 1 | വാർഡ് | വാർഡിലെ കിടക്കയും ചുറ്റുമുള്ള ഇടവും - ഒരു കിടക്കയ്ക്ക് 5 ച.മീ | ഓരോ കിടക്കയിലും 80 സെ.മീ. അകലം<br><br>അതിന് പുറമേ സൂചിപ്പിച്ചിരിക്കുന്ന വിസ്തീർണത്തിന്റെ 30% സ്ഥലം നഴ്സിങ് സ്റ്റേഷൻ, വാർഡ് സ്റ്റോർ, സാനിറ്ററിറൂം, പ്രൊസിജീയർ മുറി എന്നിവയ്ക്കായി മാറ്റിവെക്കേണ്ടതാണ്. |
| 2 | പ്രൊസീജിയർ മുറി | | 10.5 ച.മീ (113 ച.അടി) |
| 3 | മറ്റിടങ്ങൾ | നഴ്സിങ് സ്റ്റേഷൻ, ഡോക്ടറുടെ ഡ്യൂട്ടി റൂം, വൃത്തിയുള്ളതും ഇല്ലാത്തതും ആയവയ്ക്കുള്ള പ്രത്യേക ഇടങ്ങൾ, സ്റ്റോർ, നിത്യേന പെരുമാറുന്ന ഇടങ്ങൾ, | 10.5 ച.മീ (113 ച.അടി)<br><br>7.5 ച.മീ (80.72 ച. അടി)<br><br>3.5 ച.മീ (137 ച.അടി)<br><br>8.08 ച.മീ (87 ച.അടി) |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | | ശുചിമുറി, കുളിമുറി/ വിശ്രമമുറി, പരിശോധനാമുറി | |
| 4 | ബയോ മെഡിക്കൽ മാലിന്യം കൈകാര്യം ചെയ്യൽ | ബയോ മെഡിക്കൽ മാലിന്യം | 5 ച.മീ (53.8 ച.അടി) |
| 5 | മറ്റിടങ്ങൾ | ലബോറട്ടറി<br><br>റിസപ്ഷൻ/ഫ്രന്റ് ഓഫീസ്<br><br>കാത്തിരിപ്പ് സ്ഥലം<br><br>ഭരണനിർവഹണം നടക്കുന്നിടം | 24 ച.മീ (258.3 ച.അടി)<br><br>10.5 ച.മീ (113 ച.അടി)<br><br>10.5 ച.മീ (113 ച.അടി)<br><br>10.5 ച.മീ (113 ച.അടി) |

**വാർഡിലെ മറ്റ് ആവശ്യങ്ങൾ**

1. വാർഡിൽ നഴ്സിങ് സ്റ്റേഷൻ, ഡോക്ടർ ഡ്യൂട്ടി റൂം, വൃത്തിയുള്ളതും ഇല്ലാത്തതുമായ സാധനങ്ങൾ വെക്കുന്ന സ്റ്റോർ, 24 മണിക്കൂറും ലഭിക്കുന്ന വൈദ്യുതി, ജല വിതരണ സംവിധാനങ്ങൾ, ശുചിമുറികൾ തുടങ്ങിയവയ്ക്കായി നീക്കിവെച്ച ഇടങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.
2. കിടക്കകൾക്കിടയിലെ അകലം ഒരു മീറ്റർ ആയിരിക്കണം.
3. ആശുപത്രിയിലെ കിടക്കകളുടെ എണ്ണത്തിനും സേവനത്തിന്റെ വ്യാപ്തിക്കും അനുസരിച്ച് രോഗികളുടെ കാത്തിരിപ്പ് സ്ഥലം, ശുചിമുറികളുടെ എണ്ണം, പരിശോധന മുറി തുടങ്ങിയവ ഉണ്ടായിരിക്കേണ്ടതാണ്.

**അനുബന്ധം 23**

<u>ഫർണിച്ചറും ഫിക്സ്ചറുകളും</u>

[ചട്ടം 7 (4) (ii) കാണുക]

| *ക്രമ നം.* | *ഇനം* |
|---|---|
| 1. | പരിശോധന മേശ |
| 2. | ബെഡ് സൈഡ് എഴുത്തു മേശ |
| 3. | കസേര |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 4. | അലമാര |
| 5. | കാത്തിരിപ്പ് ബെഞ്ച്/ കസേര |
| 6. | മെഡിക്കൽ അല്ലെങ്കിൽ സർജിക്കൽ കിടക്ക |
| 7. | വീൽ ചെയർ അല്ലെങ്കിൽ സ്ട്രെച്ചർ |
| 8. | മെഡിസിൻ ട്രോളി, ഉപകരണ ട്രോളി |
| 9. | മടക്കാവുന്ന സ്ക്രീനുകളോ കർട്ടനുകളോ |
| 10. | ബെഡ് സൈഡ് ടേബിൾ |
| 11. | മെഡിസിൻ ചെസ്റ്റ് |
| 12. | എക്സാമിനേഷൻ ലാമ്പ് |
| 13. | എക്സ് റേ വ്യൂ ബോക്സ് |
| 14. | ട്യൂബ് ലൈറ്റും വെളിച്ചത്തിനുള്ള മറ്റ് സംവിധാനങ്ങളും |
| 15. | ഐ വി സ്റ്റാൻഡ് |
| 16. | ബയോമെഡിക്കൽ മാലിന്യങ്ങൾക്കുള്ള കളർ ബിന്നുകൾ |

ആവശ്യമായ ഇനങ്ങൾ സൂചിപ്പിക്കുന്നതിനുള്ള ഒരു പട്ടികയാണിത്. ആശുപത്രിയുടെ വലിപ്പത്തിനും സേവന വ്യാപ്തിക്കുമനുസരിച്ച് അവയുടെ എണ്ണത്തിൽ മാറ്റം ഉണ്ടായിരിക്കുന്നതാണ്.

**അനുബന്ധം - 24**

<u>അത്യാവശ്യമായ നോൺ മെഡിക്കൽ/മെഡിക്കൽ ഉപകരണങ്ങൾ</u>

[ചട്ടം 7 (5) (i) കാണുക]

| *വകുപ്പ്* | *ഉപകരണം* | *തരം – 1* | *തരം – 2* | *തരം – 3* |
|---|---|---|---|---|
| ഭരണനിർവഹണം | ഓഫീസ് ഉപകരണം | വേണം | വേണം | വേണം |
| | ഓഫീസ് ഫർണിച്ചർ | വേണം | വേണം | വേണം |
| വൈദ്യുതി ജലവിതരണം | തടസ്സമില്ലാത്ത വൈദ്യുതി | വേണം | വേണം | വേണം |
| | കൈ കഴുകാനുള്ള സിങ്കും ടാപും സംവിധാനങ്ങളും | വേണം | വേണം | വേണം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| | എല്ലായിടത്തും സ്റ്റാന്റുകൾ | വേണം | വേണം | വേണം |
| | സംഭരണ ടാങ്ക് | വേണം | വേണം | വേണം |
| | വാട്ടർ പ്യൂരിഫയർ | വേണം | വേണം | വേണം |
| | തടസ്സമില്ലാത്ത ജലവിതരണം | വേണം | വേണം | വേണം |
| മാലിന്യനിർമാർജനം | ചികിത്സ നൽകുന്ന ഇടങ്ങളിലെല്ലാം അണുബാധയുള്ള മാലിന്യം നിക്ഷേപിക്കുന്നതിന് ബക്കറ്റുകൾ | വേണം | വേണം | വേണം |
| | അഴുക്കുവെള്ളം പുറത്തേക്ക് കളയാനുള്ള സംവിധാനം | വേണം | വേണം | വേണം |
| | എല്ലാ മുറികളിലും ചവറ്റുകുട്ടകൾ | വേണം | വേണം | വേണം |
| | രോഗികൾക്കുള്ള ശുചിത്വ സംവിധാനങ്ങൾ | വേണം | വേണം | വേണം |
| | ബയോ മെഡിക്കൽ മാലിന്യത്തിനുള്ള പ്രത്യേക സംവിധാനം | വേണം | വേണം | വേണം |
| സുരക്ഷ | ചികിത്സ നൽകുന്ന ഇടങ്ങളിലെല്ലാം മൂർച്ചയുള്ള സാധനങ്ങൾ നിക്ഷേപിക്കാനുള്ള കുട്ടകൾ | വേണം | വേണം | വേണം |
| | തീ കെടുത്തുവാനുള്ള ഉപകരണം | വേണം | വേണം | വേണം |

| | | | | |
|---|---|---|---|---|
| വാഹനം (സ്വന്തമോ പുറത്തുനിന്നെടുക്കുന്നതോ) | വാഹനം (നാൽചക്രമാണ് അഭികാമ്യം) | അഭികാമ്യം | അഭികാമ്യം | വേണം |
| | ആംബുലൻസ് | അഭികാമ്യം | അഭികാമ്യം | വേണം |
| സൂക്ഷിച്ചുവെക്കാനുള്ള ഇടം | മെഡിക്കൽ സ്റ്റോർ | വേണം | വേണം | വേണം |
| | പൂട്ടി സൂക്ഷിക്കാനുള്ള സംവിധാനം | വേണം | വേണം | വേണം |
| | ശീതീകരണ സംവിധാനം | വേണം | വേണം | വേണം |
| അടുക്കള (സ്വന്തമോ പുറത്തുള്ളതോ) | പാചകത്തിനുള്ള കലങ്ങളും പാത്രങ്ങളും | അഭികാമ്യം | വേണം | വേണം |
| | പാചകത്തിനുള്ള സ്റ്റൗ | അഭികാമ്യം | വേണം | വേണം |
| | ഭക്ഷണശീതീകരണ സംവിധാനം | വേണം | വേണം | വേണം |
| | സൂക്ഷിച്ചുവെക്കാനുള്ള ഇടം | അഭികാമ്യം | വേണം | വേണം |
| ശുചീകരണം | അലക്കാനും ഉണക്കാനുമുള്ള സ്ഥലസൗകര്യം | അഭികാമ്യം | വേണം | വേണം |
| | അലക്കാനും തിരുമ്മാനുമുള്ള ഉപകരണങ്ങളും പാത്രങ്ങളും | അഭികാമ്യം | വേണം | വേണം |
| | ഹൗസ് കീപ്പിങ്ങിനുള്ള ചൂലുകൾ, ബ്രഷുകൾ, മോപ്പുകൾ | വേണം | വേണം | വേണം |
| ഹൌസ് കീപ്പിങ് (പുറത്ത് നിന്നുള്ള സൗകര്യം) | | അഭികാമ്യം | വേണം | വേണം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| | **മെഡിക്കൽ ഉപകരണങ്ങൾ** | | | |
| ഒ.പി. മുറി | ബി.പി. അപാരറ്റസ് | വേണം | വേണം | വേണം |
| | സ്റ്റെതസ്കോപ്പ് | വേണം | വേണം | വേണം |
| പരിശോധനാമുറി | മൂർച്ചയുള്ള വസ്തുക്കൾ നിർമാർജനം ചെയ്യാനുള്ള പാത്രം | വേണം | വേണം | വേണം |
| | പരിശോധനാ കയ്യുറകൾ | വേണം | വേണം | വേണം |
| | പരിശോധനാ മേശ | വേണം | വേണം | വേണം |
| | കൈ കഴുകാനുള്ള സൗകര്യം | വേണം | വേണം | വേണം |
| | ഒഫ്താൽമൊസ്കോപ് | അഭികാമ്യം | അഭികാമ്യം | അഭികാമ്യം |
| | ഓട്ടോസ്കോപ്പ് | അഭികാമ്യം | അഭികാമ്യം | അഭികാമ്യം |
| | പാറ്റെല്ലാർ ഹാമർ | വേണം | വേണം | വേണം |
| | മുഷിഞ്ഞ പാഡും ഡ്രസിങ്സും നിക്ഷേപിക്കാനുള്ള പാത്രം | വേണം | വേണം | വേണം |
| | അപായകരമായ ജൈവ വസ്തുക്കൾക്കുള്ള സംഭരണി | വേണം | വേണം | വേണം |
| | അണുവിമുക്തമാക്കിയ സാധനങ്ങൾ സൂക്ഷിക്കാനുള്ള സ്ഥലം | വേണം | വേണം | വേണം |
| | തെർമോമീറ്റർ | വേണം | വേണം | വേണം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| | ത്രാസ് | വേണം | വേണം | വേണം |
| | ബി. പി. അപാരറ്റസും സ്റ്റെതസ്കോപ്പും | വേണം | വേണം | വേണം |
| | ജനന രജിസ്റ്റർ | വേണ്ട | വേണം | വേണം |
| കിടപ്പ് രോഗീ വാർഡ് | പരിശോധനാ മേശ | വേണം | വേണം | വേണം |
| | ഫീക്കൽ സ്റ്റെതസ്കോപ്പ് | വേണ്ട | വേണം | വേണം |
| | ഗർഭിണികളുടെ രജിസ്റ്റർ | വേണ്ട | വേണം | വേണം |
| | സിറിഞ്ചും സൂചിയും | വേണ്ട | വേണം | വേണം |
| | അടിസ്ഥാന പരിശോധനാ ഉപകരണങ്ങൾ (ബി.പി. അപാരറ്റസ്, സ്റ്റെതസ്കോപ്പ്) | വേണം | വേണം | വേണം |
| | മുറിവ് വച്ചുകെട്ടാനുള്ള സാധനങ്ങൾ | വേണം | വേണം | വേണം |
| | മുറിവ് വച്ചുകെട്ടാനുള്ള സാധനങ്ങൾക്കുള്ള ട്രോളി, മരുന്ന് ട്രോളി | വേണം | വേണം | വേണം |
| | ഐ.വി. സ്റ്റാന്റ് | വേണം | വേണം | വേണം |
| | മരുന്ന് സൂക്ഷിക്കാനുള്ള കാബിനറ്റ് | അഭികാമ്യം | അഭികാമ്യം | അതെ |
| | ഓക്സിജൻ സിലിണ്ടർ | വേണം | വേണം | വേണം |

| | | | | |
|---|---|---|---|---|
| | രോഗികൾക്കുള്ള ചക്രമുള്ള ട്രോളി | വേണം | വേണം | വേണം |
| | പി.പി.ഇ. കിറ്റ് | വേണം | വേണം | വേണം |
| | സക്ഷൻ മെഷീൻ | വേണ്ട | അഭികാമ്യം | വേണം |
| | മൂത്രപ്പുരയും ബെഡ് പാനും | വേണം | വേണം | വേണം |

**അനുബന്ധം 25**

അടിയന്തിര ആവശ്യ ഉപകരണങ്ങൾ

[ചട്ടം 7 (5) (I) കാണുക]

| *ക്രമ നമ്പർ* | *ഇനങ്ങൾ* |
|---|---|
| 1 | ഫ്ലൊ മീറ്റർ ഘടിപ്പിച്ച ഓക്സിജൻ സിലിണ്ടറുകൾ, കുഴലുകൾ, കത്തീറ്റർ, മാസ്ക്, മൂക്കിലേക്ക് ഓക്സിജൻ നൽകാനുള്ള പൈപ്പ് |
| 2 | നീര് വലിച്ചെടുക്കാനുള്ള ഉപകരണം |
| 3 | മുറിവ് കെട്ടാനുള്ള പ്രത്യേക തുണികളും ഉപകരണങ്ങളും |
| 4 | അടിസ്ഥാന രോഗനിർണയ ഉപകരണങ്ങൾ- ബി.പി. അപാരറ്റസ് |
| 5 | സ്റ്റെതസ്കോപ് |
| 6 | വെയിങ് മെഷീൻ |
| 7 | തെർമോമീറ്റർ |
| 8 | ഇ.സി.ജി. മെഷീൻ (അഭികാമ്യം) |
| 9 | പൾസ് ഓക്സി മീറ്റർ |
| 10 | നെബുലൈസർ |

കുറിപ്പ്:—ആശുപത്രിയുടെ വലിപ്പത്തിനും സേവന വ്യാപ്തിക്കുമനുസരിച്ച് പ്രവർത്തന സജ്ജമായ വിവിധ ഉപകരണങ്ങളും അതുമായി ബന്ധപ്പെട്ട ഉപയോഗ സാധനങ്ങളും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉണ്ടായിരിക്കേണ്ടതാണ്. അടിയന്തിര ഘട്ടത്തിൽ ആവശ്യമായ ചില ഉപകരണങ്ങൾ മുകളിൽ സൂചിപ്പിട്ടുണ്ട്.

**അനുബന്ധം 26**

<u>അടിയന്തിര ശുശ്രൂഷാ ഔഷധങ്ങൾ</u>

[ചട്ടം 7 (6) (I) കാണുക]

| *ക്രമ നമ്പർ* | *അടിയന്തിര ചികിത്സാ മരുന്നുകൾ* |
|---|---|
| 1 | അമൈൽ നൈട്രോസം |
| 2 | അറേലിയ റെസിമോസ |
| 3 | അഡ്രിനാലിൻ |
| 4 | ബ്ലാറ്റ ഓറിയന്റാലിസ് |
| 5 | ബെറിബെറിസ് വൾഗാരിസ് |
| 6 | കാക്ടസ് |
| 7 | ക്രെറ്റാഗസ് |
| 8 | ഡിജിറ്റാലിസ് പർപ്യൂറ |
| 9 | ലാട്രോഡെക്ടസ് മാക്ടൻസ് |
| 10 | ജസ്റ്റീഷ്യ അടത്തോട |

**അത്യാവശ്യ മരുന്നുകൾ**

| *ക്രമ നമ്പർ* | *അത്യാവശ്യ മരുന്ന് പട്ടിക* |
|---|---|
| 1 | അക്കോണൈറ്റം നാപെല്ലസ് |
| 2 | ആക്റ്റിയ റെസിമോസ |
| 3 | അലിയം സെപ |
| 4 | അലോസ് സോകൊട്രീന |
| 5 | അലുമിന |
| 6 | ആന്റിമോണിയം ടാർട്ടാറിക്കം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 7 | എപ്പിസ് മെല്ലിഫിക്ക |
| 8 | ആർണിക്ക മൊണ്ടാന |
| 9 | ആർസെനിക്കം ആൽബം |
| 10 | ആർസെനിക്കം അയോഡാറ്റം |
| 11 | ഓറം മെറ്റ് |
| 12 | ബാപ്റ്റീഷ്യ ടിൻഞ്ചോറിയ |
| 13 | ബറൈറ്റ കാർബോണിക്ക |
| 14 | ബെല്ലഡോണ |
| 15 | ബെർബെറിസ് വൾഗാരിസ് |
| 16 | ബ്ലാറ്റ ഓറിയന്റാലിസ് |
| 17 | ബ്രയോണിയ ആൽബ |
| 18 | കാൽക്കേരിയ കാർബ് |
| 19 | കലണ്ടുല ഒഫീഷ്യനാലിസ് |
| 20 | കാർബോ വെജിറ്റബിലിസ് |
| 21 | കോസ്റ്റിക്കം |
| 22 | ചാമോമില്ല |
| 23 | ചൈന ഒഫീഷ്യനാലിസ് |
| 24 | സിന മാരിറ്റിമ |
| 25 | കൊളൻസോണിയ കനാഡെൻസിസ് |
| 26 | കൊളോസിന്ത് |
| 27 | കൊണിയം മാക്കുലേറ്റം |
| 28 | കുപ്രംമെറ്റ് |
| 29 | ഡ്രോസെര |
| 30 | ഡിജിറ്റാലിസ് പർപ്യൂറ |
| 31 | ഡൽകേമറ |
| 32 | യൂപിറ്റോറിയം പെർഫോളിയേറ്റം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 33 | ഫെറം മെറ്റ് |
| 34 | ജൽസീമിയം സെംപെർവിറൻസ് |
| 35 | ഗ്ലോണോയിനം |
| 36 | ഹെമാമെലിസ് |
| 37 | ഗ്രഫൈറ്റിസ് |
| 38 | ഹെപ്പാർസൾഫ്യൂരിസ് കൽക്കേരിയ |
| 39 | ഹയോസിയാമസ് നിഗർ |
| 40 | ഹൈപ്പരിക്കം പെർഫോലിയേറ്റം |
| 41 | അയോഡം |
| 42 | ഇപ്പിക്കാക്കുഞ്ഞ |
| 43 | കാലിബൈക്ക് |
| 44 | കാലികാർബ് |
| 45 | ലാക്കസിസ് |
| 46 | ലഡംപാൽ |
| 47 | ലൈക്കോപോഡിയം ക്ലാവ് |
| 48 | മാഗ്ഫോസ് |
| 49 | മഗ്നീഷ്യം കാർബ് |
| 50 | മലാണ്ട്രിനം |
| 51 | മെഡോറിനം |
| 52 | മെർക് സോൾ |
| 53 | നാട്രം കാർബ് |
| 54 | നാട്രം മൂർ |
| 55 | നാട്രം സൾഫ് |
| 56 | നക്സ് വൊമിക്ക |
| 57 | ഓപ്പിയം |
| 58 | പെട്രോളിയം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 59 | ഫോസ്ഫറസ് |
| 60 | പ്ലംബം മെറ്റാലിക്കം |
| 61 | സോറിനം |
| 62 | പൾസാറ്റില നൈഗ്രിക്കൻസ് |
| 63 | പൈറോജൻ |
| 64 | റവോൾഫിയ |
| 65 | റസ്റ്റോക്സ് |
| 66 | റൂട്ട ഗ്രാവിയൊലൻസ് |
| 67 | സാംബക്കസ് നൈജർ |
| 68 | സെക്കാലിക്കോർ |
| 69 | സെപ്പിയ |
| 70 | സൈലീഷ്യ |
| 71 | സ്പൈജീലിയ |
| 72 | സ്പോഞ്ചിയ ടോസ്റ്റ |
| 73 | സ്റ്റെഫി സാഗ്രിയ |
| 74 | സ്ട്രമോണിയം |
| 75 | സൾഫർ |
| 76 | സിഫിലിനം |
| 77 | ടരാന്റുല ഹിസ്പ് |
| 78 | തൂജ ഓക്സിഡന്റാലിസ് |
| 79 | ട്യൂബർക്കുലിനം |
| 80 | വേരിയോലിനം |
| 81 | വെറാട്രം ആൽബ് |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പ്രഥമ ശുശ്രൂഷാ ഔഷധങ്ങൾ**

| *ക്രമ നമ്പർ* | *പ്രഥമ ശുശ്രൂഷാ ഔഷധങ്ങൾ* |
|---|---|
| 1 | ആർണിക്ക മൊണ്ടാന |
| 2 | ബെല്ലഡോണ |
| 3 | കലണ്ടുല ഒഫീഷ്യനാലിസ് |
| 4 | കാന്താരിസ് |
| 5 | ഇച്ചിനേഷ്യ |
| 6 | ഹൈപ്പരിക്കം പെർഫോലിയേറ്റം |
| 7 | ലെഡം പാൽ |
| 8 | ഹെമാമെലിസ് |
| 9 | പ്ലന്റാഗൊ |
| 10 | സിംഫൈറ്റം |

**മറ്റുള്ളവ**

| *ക്രമ നമ്പർ* | *സൺഡ്രീസ്* |
|---|---|
| 1 | ഷുഗർ ഓഫ് മിൽക്ക് |
| 2 | ഗ്ലോബ്യൂൾസ് നം. |
| 3 | ബ്ലാങ്ക് ടാബ്ലറ്റ് |
| 4 | വാസലിൻ |

**അനുബന്ധം-27**

<u>മാനവ വിഭവ ശേഷി</u>

[ചട്ടം 24 (7) (ii) കാണുക]

ഓരോ ആശുപത്രിയുടെയും മനുഷ്യവിഭവശേഷി, ആ ആശുപത്രി നൽകുന്ന സേവനങ്ങളുടെ വ്യാപ്തി, ജോലിഭാരം എന്നിവയെ അശ്രയിച്ചാണിരിക്കുന്നത്. എന്നിരുന്നാലും, പൊതുമേഖലയെ സംബന്ധിച്ച് ഇത് സർക്കാർ അംഗീകരിച്ച മാനവ വിഭവശേഷിക്ക് അനുസൃതമായിരിയ്ക്കണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| *ക്രമ നമ്പർ* | *വിശദാംശങ്ങൾ* |
|---|---|
| 1 | ഹോമിയോപ്പതി ഡോക്ടർ — സംസ്ഥാന മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്ത യോഗ്യതയുള്ള ഒരു ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമായിരിക്കേണ്ടതാണ്. (യോഗ്യതയുള്ള ഡോക്ടർ എന്നാൽ, സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങളും വ്യവസ്ഥകളും പ്രകാരമുള്ള യോഗ്യതകൾ നേടിയവർ എന്നാണർത്ഥം) |
| 2 | നഴ്സുമാർ:— 1985ലെ ഇന്ത്യൻ നഴ്സിങ് കൗൺസിൽ മുന്നോട്ടുവച്ചിട്ടുള്ള മാനദണ്ഡങ്ങൾ, കിടപ്പുരോഗികളുടെ എണ്ണം, നിരക്ക്, കിടക്കകളുടെ എണ്ണം എന്നിവയ്ക്കനുസരിച്ച് ഓരോ യൂണിറ്റിലും ഓരോ ഷിഫ്റ്റിലും യോഗ്യതയുള്ള നഴ്സുമാർ ആവശ്യാനുസാരം ഉണ്ടായിരിക്കേണ്ടതാണ്. |
| 3 | ഫാർമസിസ്റ്റ് :— (എൻ.സി.പി./സി.സി.പി.) പൊതുമേഖലയിലുള്ള ആശുപത്രിയിൽ ഒരാൾ ഉണ്ടായിരിക്കേണ്ടതാണ്. |
| 4 | ലാബ് ടെക്നീഷ്യൻ:— (സ്ഥാപനത്തിൽ ലബോറട്ടറി സൗകര്യം ഉണ്ടെങ്കിൽ) ആശുപത്രികളിൽ ഒരാൾ. (കുറഞ്ഞ യോഗ്യത- ഡിഎംഎൽ.ടി.) ബി.എസ്.സി, എം.എസ്.സി, എം.എൽ.ടി. (അഭികാമ്യം) |
| 5 | മറ്റ് ജീവനക്കാർ:—നിർദിഷ്ട ഉപാധികളോടുകൂടി നിശ്ചിത യോഗ്യതയുള്ളവർ |

ജീവനക്കാരുടെ എണ്ണം (ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ്, നഴ്സിങ് അസിസ്റ്റന്റ്, ക്ലീനർ, കുക്ക്, ക്ലറിക്കൽ വിഭാഗം ജീവനക്കാർ, വാച്ചർ, മൾട്ടി പർപ്പസ് വർക്കർ മുതലായവർ) ആശുപത്രി സേവനങ്ങളുടെ വ്യാപ്തി, കിടക്കകളുടെ എണ്ണം എന്നിവയെ ആശ്രയിച്ചാണിരിക്കുന്നത്. എന്നിരുന്നാലും ആശുപത്രി വിഭാഗം സംബന്ധിച്ച തരംതിരിവുകൾക്കനുസൃതമായി സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾക്ക് ആവശ്യമായ എറ്റവും കുറവ് എണ്ണം ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു.

**ആശുപത്രിക്ക് ആവശ്യമായ മാനവ വിഭവ ശേഷി :— ആശുപത്രി തരം-1**

| *ക്രമ നമ്പർ* | *തസ്തിക* | *ആവശ്യമായ കുറഞ്ഞ എണ്ണം* |
|---|---|---|
| 1 | ചീഫ് മെഡിക്കൽ ഓഫീസർ/ മെഡിക്കൽ ഓഫീസർ | 1 |
| 2 | റെസിഡന്റ് മെഡിക്കൽ ഓഫീസർ | 1 |
| 3 | ഫാർമസിസ്റ്റ് | 1 |
| 4 | നഴ്സ് | 1 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 5 | നഴ്സിങ് അസിസ്റ്റന്റ് | 1 |
| 6 | ക്ലീനർ | 1 |

**ആശുപത്രിക്ക് ആവശ്യമായ മാനവ വിഭവ ശേഷി :—ആശുപത്രി തരം-2**

| *ക്രമ നമ്പർ* | *തസ്തിക* | *ആവശ്യമായ കുറഞ്ഞ എണ്ണം* |
|---|---|---|
| 1 | ചീഫ് മെഡിക്കൽ ഓഫീസർ | 1 |
| 2 | മെഡിക്കൽ ഓഫീസർ | 2 |
| 3 | റെസിഡന്റ് മെഡിക്കൽ ഓഫീസർ | 1 |
| 4 | സ്റ്റാഫ് നഴ്സ് | 3 |
| 5 | നഴ്സിങ് അസിസ്റ്റന്റ് | 3 |
| 6 | ഫാർമസിസ്റ്റ് | 2 |
| 7 | ക്ലർക്ക് | 1 |
| 8 | ഓഫീസ് അറ്റന്റന്റ് | 1 |
| 9 | ക്ലീനർ | 1 |
| 10 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 11 | ലാബ് ടെക്നീഷ്യൻ | 1 |
| 12 | ലാബ് അറ്റൻറർ | 1 |

**ആശുപത്രിക്ക് ആവശ്യമായ മാനവ വിഭവ ശേഷി :—ആശുപത്രി തരം-3**

| *ക്രമ നമ്പർ* | *തസ്തിക* | *ആവശ്യമായ കുറഞ്ഞ എണ്ണം* |
|---|---|---|
| 1 | ആശുപത്രി സൂപ്രണ്ട് | 1 |
| 2 | ചീഫ് മെഡിക്കൽ ഓഫീസർ | 1 |
| 3 | മെഡിക്കൽ ഓഫീസർ | 2 |
| 4 | റെസിഡന്റ് മെഡിക്കൽ ഓഫീസർ | 1 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 5 | ഹെഡ് നഴ്സ് | 1 |
| 6 | സ്റ്റാഫ് നഴ്സ് | 3 |
| 7 | നഴ്സിങ് അസിസ്റ്റന്റ് | 4 |
| 8 | ഫാർമസിസ്റ്റ് | 2 |
| 9 | ക്ലർക്ക് | 1 |
| 10 | ഓഫീസ് അറ്റന്റന്റ് | 1 |
| 11 | ക്ലീനർ /സാനിറ്ററി വർക്കർ | 2 |
| 12 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 13 | ലാബ് ടെക്നീഷ്യൻ | 2 |
| 14 | ലാബ് അറ്റൻറർ | 2 |
| 15 | വാച്ചർ | 2 |
| 16 | സ്പെഷ്യാലിറ്റി ഡോക്ടർമാർ | ഒരു സ്പെഷ്യാലിറ്റി വിഭാഗത്തിന് ഒരു ഡോക്ടർ എന്ന ക്രമത്തിൽ |
| 17 | സ്പെഷ്യാലിറ്റി ടെക്നീഷ്യൻ | സ്പെഷ്യാലിറ്റി വിഭാഗത്തിന്റെ ആവശ്യകത അനുസരിച്ച് |
| 18 | സ്പെഷ്യാലിറ്റി അസിസ്റ്റന്റ് | |

**അനുബന്ധം – 28**

<u>നിയമപരമായ ആവശ്യകതകളുടെ പട്ടിക</u>

ലൈസൻസിങ് ബോഡിയുമായി (ലൈസൻസ് നൽകുന്ന സ്ഥാപനവുമായി) ബന്ധപ്പെട്ട് കേന്ദ്ര അഥവാ സംസ്ഥാന സർക്കാർ നിർദേശങ്ങൾ പ്രകാരം ബാധകമായതും നിയമപ്രകാരം പാലിക്കേണ്ടതുമായ ഏറ്റവും ചുരുക്കം കാര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

| *ക്രമ നം.* | *നിയമത്തിന്റെ പേര്* | *വകുപ്പ്/ഏരിയ* | *ലൈസൻസിങ് ബോഡി* |
|---|---|---|---|
| 1. | ക്ലിനിക്കൽ സ്ഥാപന നിയമപ്രകാരമുള്ള രജിസ്ട്രേഷൻ | സംഘടന | സി.ഇ.എ. വകുപ്പ് |
| 2 | സാധാരണ ബയോമെഡിക്കൽ | സംഘടന | പ്രാദേശിക മലിനീകരണ നിയന്ത്രണ ബോർഡ് |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | മാലിന്യ ശേഖരണം, കടത്തൽ, സംസ്കരണം, സംഭരണ-നിർമാർജന സംവിധാനങ്ങൾ എന്നിവയ്ക്കായുള്ള കരാർ | | |
| 3 | കെട്ടിട പെർമിറ്റ് (തദ്ദേശ ഭരണസ്ഥാപനത്തിൽ നിന്ന്) | ലഭ്യമാക്കേണ്ടത് | പഞ്ചായത്ത്/നഗരസഭ/കോർപറേഷൻ പോലെ അധികാരപരിധി നിശ്ചയിച്ചിട്ടുള്ള റവന്യു അധികാരികളിൽ നിന്ന്. |
| 4 | ചീഫ് അഗ്നിശമനസേന ഓഫീസറുടെ എൻ.ഒ.സി. (നിരാക്ഷേപ സാക്ഷ്യപത്രം) | സംഘടന | ഫയർ ആന്റ് സേഫ്റ്റി വകുപ്പ് |
| 5 | ജീവനക്കാരുടെ രജിസ്ട്രേഷൻ | ലഭ്യമാക്കേണ്ടത് | തൊഴിൽ വകുപ്പ് |
| 6 | ആംബുലൻസിനുള്ള വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് | സംഘടനയ്ക്ക് സ്വന്തമായുള്ള ആംബുലൻസും മറ്റ് വാഹനങ്ങളും | മോട്ടോർ വാഹന വകുപ്പ് |
| 7 | ജലമലിനീകരണ നിയന്ത്രണ നിവാരണ നിയമം | സംഘടന | മലിനീകരണ നിയന്ത്രണ ബോർഡ് |

**അനുബന്ധം- 29**

<u>രേഖകളുടെ പരിപാലനം</u>

[ചട്ടം 24 (10) (vi) കാണുക]

മെഡിക്കൽ രേഖകൾ ഏറ്റവും ചുരുങ്ങിയത് താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെട്ടവയായിരിക്കണം.

| *ക്രമ നം.* | *ഉള്ളടക്കം* |
|---|---|
| 1 | ചികിത്സിക്കുന്ന ഡോക്ടറുടെ പേരും രജിസ്ട്രേഷൻ നമ്പറും |
| 2 | രോഗിയുടെ പേര്, ഫോൺ നമ്പർ ഉൾപ്പെടെയുള്ള വ്യക്തി വിവരങ്ങൾ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 3 | മുൻ ചികിത്സ സംബന്ധിച്ച പ്രസക്ത വിവരങ്ങൾ, കണ്ടെത്തലുകളുടെ വിലയിരുത്തലും പുനർനിർണയവും, പരിചരണക്കുറിപ്പുകളും രോഗനിർണയവും |
| 4 | പരിശോധനാ റിപ്പോർട്ട് |
| 5 | മെഡിക്കൽ ചികിത്സ, ഇൻവേസീവ് ചികിത്സാക്രമം, ശസ്ത്രക്രിയയും തുടർ പരിചരണവും എന്നിവയുടെ വിശദവിവരങ്ങൾ, |
| 6 | ബാധകമായ സമ്മതപത്രങ്ങൾ |
| 7 | വിടുതൽ കുറിപ്പ്/ഡിസ്ചാർജ് സമ്മറി |
| 8 | മരണകാരണ സർട്ടിഫിക്കറ്റും മരണ വിവരങ്ങളും (ബാധകമായപ്പോൾ മാത്രം) |

## അനുബന്ധം – 30

<u>രോഗികളുടെ അവകാശങ്ങളും ചുമതലകളും</u>

[ചട്ടം 7 (11) (ii) കാണുക]

(I) **രോഗികളുടെ അവകാശങ്ങൾ**

ക്ലിനിക്കൽ സ്ഥാപനവുമായി ബന്ധപ്പെട്ട് ഒരു രോഗിക്കും അയാളുടെ പ്രതിനിധിക്കും താഴെ പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്—

1. സ്വഭാവം, രോഗകാരണം, നിർദേശിക്കപ്പെട്ടിരിക്കുന്ന പരിശോധനകളും പരിചരണവും, ചികിത്സയുടെ പ്രതീക്ഷിത ഫലം, പ്രതീക്ഷിത സങ്കീർണതകൾ (അപകടസാധ്യതകൾ), ചികിത്സാച്ചെലവ് എന്നിവ സംബന്ധിച്ച പ്രസക്തവും മതിയായതുമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന്,
2. ചികിത്സക്കിടയിൽ രഹസ്യാത്മകത, മനുഷ്യാന്തസ്സ്, സ്വകാര്യത എന്നിവയ്ക്ക്,
3. ആൺ ചികിത്സകൻ സ്ത്രീരോഗിയുടെ ശരീരപരിശോധന നടത്തുന്നതിനിടയിൽ ഒരു സ്ത്രീ കൂടെയുണ്ടായിരിക്കണം എന്നത് ഉറപ്പുവരുത്തുവാൻ,
4. എച്ച്.ഐ.വി. പോലുള്ള സാഹചര്യങ്ങളിൽ രോഗികളോട് ചികിത്സയിലും പെരുമാറ്റത്തിലും വിവേചനം ഇല്ലാതിരിക്കുന്നതിന്,
5. റഫറൻസ് ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ, മതിയായ റഫറൻസ് കത്ത് സഹിതം ആയത് ചെയ്യുന്നതിന്.

(ii) **രോഗികളുടെ ചുമതലകൾ**

1. ആരോഗ്യസംബന്ധിയായ എല്ലാ വിവരങ്ങളും നൽകൽ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. പരിശോധനയ്ക്കിടയിലും ചികിത്സയ്ക്കിടയിലും ചികിത്സകരുമായി സഹകരിക്കൽ,
3. നിർദേശങ്ങൾ പാലിക്കൽ,
4. ആശുപത്രിയ്ക്ക് നിർദേശിക്കപ്പെട്ടിട്ടുള്ള ഫീസ് സമയാസമയത്ത് ഒടുക്കൽ,
5. ചികിത്സകരുടെയും മറ്റ് ആശുപത്രി ജീവനക്കാരുടെയും അന്തസ്സിനെ മാനിക്കൽ,
6. വഴക്കിലേക്കും അക്രമത്തിലേക്കും നീങ്ങാതിരിക്കൽ,
7. രോഗിയുടെയോ കൂടെയുള്ളവരുടെയോ ഭാഗത്തുനിന്നുണ്ടാകുന്ന ഏതൊരു സ്വഭാവദൂഷ്യത്തിനോ പെരുമാറ്റദൂഷ്യത്തിനോ നിയമ നടപടികൾ നേരിടേണ്ടി വരുന്നതാണ്.

അണുബാധാനിയന്ത്രണവുമായി ബന്ധപ്പെട്ട് ക്ലിനിക്കൽ സ്ഥാപനത്തിനെ കേരള അക്രെഡിറ്റഡ് സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് ഗുണമേന്മാ സർട്ടിഫിക്കേഷന് പരിഗണിക്കുന്നതിന് പാലിക്കേണ്ടതായ നിലവാരങ്ങൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു:

| *ക്രമ നമ്പർ* | *നിലവാരങ്ങൾ* | *ആശുപത്രി തരം 1* | *ആശുപത്രി തരം 2* | *ആശുപത്രി തരം 3* |
|---|---|---|---|---|
| **PAA 1.1** | **ഒ.പിക്കും കാഷ്വാലിറ്റിക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ** | | | |
| 1.1.1 | കുടിക്കാനുള്ള ശുദ്ധജലം ലഭ്യമാണ്. | √ | √ | √ |
| 1.1.2 | നിലവിലെ നിയമങ്ങൾക്ക് അനുസൃതമായുള്ള മാലിന്യ നിർമാർജനം | √ | √ | √ |
| **LSA 2.1** | **സാമ്പിൾ ശേഖരണം** | | | |
| 2.1.1 | ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം രക്തം ശേഖരിക്കുന്ന സ്ഥലത്ത് കളർ കോഡ് ചെയ്ത ബിന്നുകൾ ലഭ്യമാണ് | √ | √ | √ |
| **LSA 2.2** | **ലബോറട്ടറി സുരക്ഷ** | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | നിലവാരങ്ങൾ | ആശുപത്രി തരം 1 | ആശുപത്രി തരം 2 | ആശുപത്രി തരം 3 |
|---|---|---|---|---|
| 2.2.1 | വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നു. | √ | √ | √ |
| 2.2.2 | രക്തം പുറത്ത് തൂവുന്ന പക്ഷം ആയത് കൈകാര്യം ചെയ്യുന്നതിനുള്ള പ്രോട്ടോക്കോൾ നിലവിലുണ്ട്. | | √ | √ |
| 2.2.3 | രസം പുറത്ത് തൂവുന്ന പക്ഷം ആയത് കൈകാര്യം ചെയ്യുന്നതിനുള്ള പ്രോട്ടോക്കോൾ നിലവിലുണ്ട്. | √ | √ | √ |
| 2.2.4 | അപകടകാരികളായ വസ്തുക്കൾ പുറത്തേക്ക് തെറിക്കുന്ന പക്ഷം ആയത് കൈകാര്യം ചെയ്യുന്നതിനുള്ള പ്രോട്ടോക്കോൾ നിലവിലുണ്ട്. | | √ | √ |
| 2.2.5 | ബയോമെഡിക്കൽ മാലിന്യ സംസ്കരണത്തിനുള്ള പ്രോട്ടോക്കോൾ നിലവിലുണ്ട്. | | √ | √ |
| **PCA 3.1** | **അടിയന്തിര സേവനങ്ങൾ** | | | |
| 3.1.1 | ടാപ് വെള്ളത്തിൽ കൈ കഴുകാനുള്ള സൗകര്യം ലഭ്യമാണ് | √ | √ | √ |
| **PCA 3.2** | **പോഷണ സേവനം** | | | |
| 3.2.1 | ഭക്ഷണം പാകം ചെയ്യുന്നതും, കൈകാര്യം ചെയ്യുന്നതും സൂക്ഷിക്കുന്നതും വിതരണം ചെയ്യുന്നതും സുരക്ഷിതമായ രീതിയിലാണ്. | | √ | √ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | നിലവാരങ്ങൾ | ആശുപത്രി തരം 1 | ആശുപത്രി തരം 2 | ആശുപത്രി തരം 3 |
|---|---|---|---|---|
| **AMA 4.1** | **മരുന്നുകൾ സൂക്ഷിക്കൽ** | | | |
| 4.1.1 | നിർമ്മാതാക്കൾ നിഷ്കർഷിച്ച പ്രകാരം, വൃത്തിയുള്ളതും നല്ല വെളിച്ചവും വായുസഞ്ചാരവുമുള്ളതുമായ ഇടത്താണ് വാർഡിലെയും ഫാർമസിയിലെയും മരുന്നുകൾ സൂക്ഷിക്കുന്നത്. | √ | √ | √ |
| **PRA 5.1** | **രോഗീ ബോധവൽകരണം** | | | |
| 5.1.1 | ഇതിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്നു.<br><br>മരുന്നുകളുട സുരക്ഷിതവും ഫലപ്രദവുമായ ഉപയോഗം, പാർശ്വഫലസാധ്യതകൾ, ഭക്ഷണവും പോഷണവും, പ്രതിരോധശക്തി വളർത്തൽ, രോഗത്തെക്കുറിച്ച് അവബോധമുണ്ടാക്കൽ, സങ്കീർണതകളും പ്രതിരോധ മാർഗങ്ങളും, രോഗപ്പകർച്ച തടയൽ. | | √ | √ |
| **ICA 6.1** | **ആശുപത്രിയിൽ നിന്ന് ഏൽക്കുന്ന അണുബാധ തടയുന്നതിൽ ആശുപത്രിയുടെ പങ്ക്** | | | |
| 6.1.1 | ആശുപത്രിയിൽ നിന്ന് അണുബാധയേൽക്കാനുള്ള സാധ്യത കുറയ്ക്കുന്നതിനും ഇതിനായുള്ള നിരീക്ഷണസംവിധാനങ്ങളെ നിയന്ത്രിക്കുന്നതിനുമായി | | √ | √ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| *ക്രമ നമ്പർ* | *നിലവാരങ്ങൾ* | *ആശുപത്രി തരം 1* | *ആശുപത്രി തരം 2* | *ആശുപത്രി തരം 3* |
|---|---|---|---|---|
| | ആശുപത്രിയിൽ ഒരു അണുബാധാ നിയന്ത്രണ സമിതിയുണ്ട്. | | | |
| 6.1.2 | കയ്യുറകൾ, മാസ്കുകൾ, സോപ്പുകൾ, അണുനാശിനികൾ എന്നിവ ഉണ്ടായിരിക്കുകയും ശരിയായി ഉപയോഗിക്കുകയും ചെയ്യുന്നു. | √ | √ | √ |
| 6.1.3 | ഓപറേഷൻ തിയറ്റർ, തീവ്രപരിചരണ വിഭാഗം, സി.എസ്.എസ്.ഡി/ഓട്ടോക്ലേവ് മുറി, രക്തം എടുക്കുകയോ കയറ്റുകയോ ചെയ്യുന്ന യൂണിറ്റുകൾ, ഭക്ഷണം കൈകാര്യം ചെയ്യുന്ന ഇടം, കുടിവെള്ളത്തിന്റെ ഇടം എന്നിവ പോലെ ആശുപത്രികൾ പ്രത്യേകമായി അടയാളപ്പെടുത്തിയിട്ടുള്ള ഇടങ്ങളിൽ നിന്ന് ബാക്റ്റീരിയ കൾച്ചറിനുള്ള സ്വാബുകൾ പതിവായി ശേഖരിക്കുക. | | √ | √ |
| 6.1.4 | ആശുപത്രിയിൽ നിന്ന് അണുബാധയേൽക്കുന്നത് നിരീക്ഷിക്കുവാൻ ആശുപത്രികളിൽ പ്രത്യേകമായി ചുമതലപ്പെടുത്തിയ ഒരു നഴ്സ് ഉണ്ടായിരിക്കുന്നതാണ്. | | √ | √ |
| 6.1.5 | അണുബാധ ഏൽക്കുന്ന പക്ഷം ജീവനക്കാർക്ക് സ്ഥാപനത്തിൽ തന്നെ പ്രതിരോധചികിത്സ | √ | √ | √ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | നിലവാരങ്ങൾ | ആശുപത്രി തരം 1 | ആശുപത്രി തരം 2 | ആശുപത്രി തരം 3 |
|---|---|---|---|---|
| | ഉണ്ടായിരിക്കുന്നതും ഇതില്ലാത്തപക്ഷം ആയത് ലഭ്യമാവുന്ന തൊട്ടടുത്ത ആശുപത്രിയുടെ പേരും വിലാസവും സ്ഥാപനത്തിൽ ലഭ്യമായിരിക്കണം. | | | |
| 6.1.6 | രോഗികളെ പരിചരിക്കുന്ന ഇടങ്ങളിലെല്ലാം എൽബോ ടാപ്പ് ഉപയോഗിച്ച് കൈ കഴുകാനുള്ള സൗകര്യം ലഭ്യമാണ്. | √ | √ | √ |
| 6.1.7 | പ്രത്യേക ശ്രദ്ധ ആവശ്യമായ എന്തെങ്കിലും അസുഖമോ പകർച്ചവ്യാധിയോ ഉണ്ടായാൽ ആശുപത്രിയിൽ നിന്ന് ഉന്നതാധികാരികളെ അറിയിക്കും. | √ | √ | √ |
| 6.1.8 | ആരോഗ്യ പരിരക്ഷാ സ്ഥാപനങ്ങൾക്ക് സന്ദർശക നിയന്ത്രണ സംബന്ധമായ ഒരു നയം ഉണ്ടായിരിക്കുന്നതാണ്. | √ | √ | √ |
| **ICA 6.2** | **ആശുപത്രിയിലെ അണുബാധാ നിയന്ത്രണ സമിതിയുടെ ചുമതലകൾ** | | | |
| 6.2.1 | ആശുപത്രിയിൽ നിന്ന് അണുബാധ ഏല്ക്കാനുള്ള സാധ്യതകൾ നിരന്തരമായി നിരീക്ഷിക്കൽ | √ | √ | √ |
| 6.2.2 | അണുബാധാ അപകടങ്ങൾ ഇല്ലാതാക്കുന്നതിനും പ്രതിരോധിക്കുന്നതിനും ആവശ്യമായ പദ്ധതികൾ | √ | √ | √ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | നിലവാരങ്ങൾ | ആശുപത്രി തരം 1 | ആശുപത്രി തരം 2 | ആശുപത്രി തരം 3 |
|---|---|---|---|---|
| | തയ്യാറാക്കലും വികസിപ്പിക്കലും | | | |
| 6.2.3 | ആശുപത്രിയിൽ നിന്ന് അണുബാധ ഏല്ക്കുന്നതിനുള്ള സാധ്യതകൾ തിരിച്ചറിയുന്നതിനും റിപോർട് ചെയ്യുന്നതിനും അന്വേഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഉള്ള സംവിധാനങ്ങൾ വികസിപ്പിക്കൽ | √ | √ | √ |
| 6.2.4 | അണുബാധാ നിയന്ത്രണ നയങ്ങൾ, പ്രോടോകോൾ എന്നിവ സംബന്ധിച്ച് സ്ഥാപനത്തിലെ ആരോഗ്യസംരക്ഷണ ജീവനക്കാരെ കാലാകാലങ്ങളിൽ ബോധവൽക്കരിക്കൽ | √ | √ | √ |
| 6.2.5 | ആശുപത്രിയിൽ നിന്ന് ഏല്ക്കാനിടയുള്ള അണുബാധ സംബന്ധിച്ച് അവലോകന യോഗങ്ങൾ ചേരൽ | √ | √ | √ |
| 6.2.6 | ഉപകരണങ്ങളും സ്ഥലങ്ങളും അണുവിമുക്തമാക്കുന്ന മാർഗങ്ങൾ നിരീക്ഷിച്ചുകൊണ്ടിരിക്കൽ | √ | √ | √ |
| **ICA 6.3** | **ഹൗസ് കീപിങ്ങും ലിനൻ മാനേജ്മെന്റും** | | | |
| 6.3.1 | ആശുപത്രിയിലെ തുണിത്തരങ്ങൾ മാറ്റുന്നതിന്, | √ | √ | √ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | നിലവാരങ്ങൾ | ആശുപത്രി തരം 1 | ആശുപത്രി തരം 2 | ആശുപത്രി തരം 3 |
|---|---|---|---|---|
| | നിലവിലെ മികച്ച രീതികളുമായി ഒത്തുപോകുന്ന തരത്തിലുള്ള നയങ്ങൾ ആശുപത്രികൾക്കുണ്ട് | | | |
| 6.3.2 | എ.സി. ഡക്റ്റ് വൃത്തിയാക്കലും ഫിൽറ്ററുകൾ മാറ്റി സ്ഥാപിക്കലും, മാലിന്യ പൈപ്പുകളുടെയും വിതരണ പൈപ്പുകളുടെയും അറ്റകുറ്റപ്പണികളും മാറ്റിസ്ഥാപിക്കലും കാലാകാലങ്ങളിൽ ചെയ്യൽ | √ | √ | √ |
| 6.3.3 | ജലസംഭരണിയുടെയും ബദൽ ജല സ്രോതസ്സുകളുടെയും കാലാകാലങ്ങളിലുള്ള വൃത്തിയാക്കലും ആയത് രേഖപ്പെടുത്തിവെക്കലും | √ | √ | √ |
| 6.3.4 | ഹൗസ് കീപ്പിങ്ങിനുള്ള ചെക് ലിസ്റ്റ് ഉണ്ടാക്കലും നടപ്പിൽ വരുത്തലും പരിശോധിക്കലും | | √ | √ |
| **ICA 6.4** | **ബയോമെഡിക്കൽ മാലിന്യസംസ്കരണം** | | | |
| 6.4.1 | 1998-ലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ആൻഡ് ഹാന്റിലിങ് ചട്ടങ്ങൾ പ്രകാരം ബയോ മെഡിക്കൽ മാലിന്യങ്ങൾ പ്രത്യേകം കളർ കോഡ് ചെയ്ത ബാഗുകളിലും പാത്രങ്ങളിലുമാക്കി വേർതിരിക്കൽ. | √ | √ | √ |
| 6.4.2 | രോഗികൾ പെരുമാറുന്ന ഇടങ്ങളിൽ നിന്ന് അകലെയായി ബയോ | | √ | √ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| *ക്രമ നമ്പർ* | *നിലവാരങ്ങൾ* | *ആശുപത്രി തരം 1* | *ആശുപത്രി തരം 2* | *ആശുപത്രി തരം 3* |
|---|---|---|---|---|
| | മെഡിക്കൽ മാലിന്യങ്ങൾ അടച്ചുറപ്പോടെ ഭദ്രമായി സൂക്ഷിച്ചുവെക്കാനുള്ള നിർദിഷ്ട സംവിധാനം നിലവിലുണ്ട് | | | |
| 6.4.3 | ബയോമെഡിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർ റബ്ബർ കയ്യുറകൾ, ഗം ബൂട്ടുകൾ, പ്ലാസ്റ്റിക് ഏപ്രൺ, മാസ്കുകൾ തുടങ്ങിയ വ്യക്തിഗത സുരക്ഷാ ഉപാധികൾ ഉപയോഗിക്കുന്നു | √ | √ | √ |
| 6.4.4 | ബാധകമാകുന്ന ഇടങ്ങളിലെല്ലാം ബയോ ഹസാർഡ് ചിഹ്നം പ്രദർശിപ്പിക്കുന്നു. | √ | √ | √ |
| **ICA 6.5** | **നിരീക്ഷണ സൂചകങ്ങൾ നിലവിലുണ്ട്** | | | |
| 6.5.1 | ഇൻവേസീവ് നടപടിക്രമങ്ങളുടെ നിത്യേനയുള്ള രേഖപ്പെടുത്തൽ | | √ | √ |
| 6.5.2 | മൂത്രനാളിയിലെ അണുബാധ നിരീക്ഷിക്കൽ | | √ | √ |
| 6.5.3 | ശ്വാസനാളത്തിലെ അണുബാധ നിരീക്ഷിക്കൽ | | √ | √ |
| 6.5.4 | ശുചീകരണത്തിനായി ഹൌസ് കീപ്പിങ് വിഭാഗത്തിനുള്ള ചെക് ലിസ്റ്റ് | | √ | √ |
| 6.5.5 | കൈ കഴുകൽ നിരീക്ഷിക്കൽ | | √ | √ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| *ക്രമ നമ്പർ* | *നിലവാരങ്ങൾ* | *ആശുപത്രി തരം 1* | *ആശുപത്രി തരം 2* | *ആശുപത്രി തരം 3* |
|---|---|---|---|---|
| 6.5.6 | ബയോമെഡിക്കൽ മാലിന്യസംസ്കരണം | | √ | √ |
| 6.5.7 | സൂചികൊണ്ടുണ്ടായ മുറിവുകൾ നിരീക്ഷിക്കുന്നു | | √ | √ |
| **ICA 6.6** | **അണുവിമുക്തമാക്കൽ** | | | |
| 6.6.1 | സി.എസ്.എസ്.ഡി. (സെൻട്രൽ സ്റ്റെറൈൽ സപ്ലൈ ഡിപ്പാർട്ട്മെന്റ്) അല്ലെങ്കിൽ ഓട്ടോക്ലേവ് മുറിയുള്ളത് സൗകര്യപ്രദമായ സ്ഥലത്തും ഉചിതമായ രൂപരേഖയോടും (ഒരേ ദിശയിലുള്ളതും മേഖലകളാക്കി തിരിച്ചതും) കൂടിയും വൃത്തിയുള്ളതും ഇല്ലാത്തതുമായ ഭാഗങ്ങളെ കൃത്യമായി വേർതിരിച്ചിട്ടുമാണ് | | √ | √ |
| 6.6.2 | പുനരുപയോഗിക്കാവുന്ന എല്ലാ മെഡിക്കൽ ഉപകരണങ്ങളും ഉപയോഗത്തിന് ശേഷം അണുവിമുക്തമാക്കുന്നു. | √ | √ | √ |
| 6.6.3 | ഓടോക്ലേവുകളിൽ ദിവസേന ബോവി ഡിക് ടേപ് ടെസ്റ്റ് നടത്തുന്നു | | √ | √ |
| **ICA 6.7** | **ഓപറേഷൻ തിയറ്റർ** | | | |
| 6.7.1 | ഓപറേഷൻ തിയറ്ററുകളിൽ മേഖലകൾ തിരിച്ചിട്ടുണ്ട് | | | √ |
| 6.7.2 | ഓപറേഷൻ തിയറ്ററിലെ അണുബാധാ നിയന്ത്രണ രീതികൾ, ക്ലിനിക്കൽ | | | √ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| *ക്രമ നമ്പർ* | *നിലവാരങ്ങൾ* | *ആശുപത്രി തരം 1* | *ആശുപത്രി തരം 2* | *ആശുപത്രി തരം 3* |
|---|---|---|---|---|
| | സൂചകങ്ങൾ എന്നിവ നിരീക്ഷിക്കുകയും പാലിക്കുകയും ചെയ്യുന്നു | | | |
| 6.7.3 | ഓപറേഷൻ തിയറ്റർ എയർ കണ്ടീഷൻ ചെയ്തിട്ടുണ്ട്. | | | √ |
| **ICA 6.8** | **മാന്വലുകൾ** | | | |
| 6.8.1 | സ്ഥാപനങ്ങൾക്ക് വർഷത്തിൽ ഒരിക്കലെങ്കിലും പുതുക്കലുകൾ വരുത്തുന്ന ഒരു അണുബാധ നിയന്ത്രണ മാന്വൽ ഉണ്ട്. | | √ | √ |
| 6.8.2 | മാന്വലിൽ ഇനിയുള്ളവ ഉൾപ്പെടുന്നു; അണുബാധ നിയന്ത്രണ സമിതി, നിരീക്ഷണം, സ്റ്റാഫ് ഹെൽത്ത് പ്രോഗ്രാം, ഐസൊലേഷൻ, ഇൻഡ്വെല്ലിങ് ഉപകരണങ്ങളുടെയും സംവിധാനങ്ങളുടെയും പരിചരണം, അണുവിമുക്തമാക്കൽ, മാലിന്യസംസ്കരണം, ഹൗസ് കീപ്പിങ്, ഭക്ഷണം കൈകാര്യം ചെയ്യലും കൈകാര്യം ചെയ്യുന്നവരും, തുണിയലക്കൽ, പകർച്ചവ്യാധികൾ പൊട്ടിപ്പുറപെടുന്നത് സംബന്ധിച്ച അന്വേഷണം, പ്രത്യേക പരിചരണ യൂണിറ്റുകൾ, സന്ദർശക നയങ്ങൾ.; | | √ | √ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| *ക്രമ നമ്പർ* | *നിലവാരങ്ങൾ* | *ആശുപത്രി തരം 1* | *ആശുപത്രി തരം 2* | *ആശുപത്രി തരം 3* |
|---|---|---|---|---|
| **ICA 6.9** | **സേവനത്തിലുള്ളവർക്കും പുതിയ ജീവനക്കാർക്കുമുള്ള പരിശീലനം** | | | |
| 6.9.1 | കൈ കഴുകൽ | √ | √ | √ |
| 6.9.2 | ബയോ മെഡിക്കൽ മാലിന്യസംസ്കരണവും വേർതിരിക്കലും | √ | √ | √ |
| 6.9.3 | രക്തം, രസം എന്നിവ പുറത്ത് തൂവുന്നത് കൈകാര്യം ചെയ്യൽ | √ | √ | √ |
| 6.9.4 | സുരക്ഷിതമായ കുത്തിവയ്പ്പും ഇൻഫ്യൂഷൻ രീതികളും | √ | √ | √ |
| 6.9.5 | ഹൗസ് കീപ്പിങ്, ലിനൻ മാനേജ്മെന്റ് | √ | √ | √ |
| **ICA 6.10** | **രജിസ്റ്ററുകൾ** | | | |
| 6.10.1 | ഹൗസ് കീപ്പിങ് രജിസ്റ്റർ | | √ | √ |
| 6.10.2 | ഉപകരണങ്ങൾ രോഗാണു വിമുക്തമാക്കുന്നതിന്റെ രജിസ്റ്റർ | | √ | √ |
| 6.10.3 | സൂചി മുറിവുകൾ സംബന്ധിച്ച രജിസ്റ്റർ | | √ | √ |
| 6.10.4 | പോസ്റ്റ് എക്സ്പോഷർ പ്രൊഫൈലാക്സിസ് രജിസ്റ്റർ | | √ | √ |
| 6.10.5 | പരിശീലന രജിസ്റ്റർ | | √ | √ |
| **QIA 7.1** | **മാനേജീരിയൽ സൂചകങ്ങൾ** | | | |
| 7.1.1 | ആയിരത്തിൽ എത്ര പേർക്ക് ബെഡ് സോർ വന്നു എന്നത് (ഒരു മാസത്തേക്ക് കണക്കാക്കുന്നു) | | √ | √ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| *ക്രമ നമ്പർ* | *നിലവാരങ്ങൾ* | *ആശുപത്രി തരം 1* | *ആശുപത്രി തരം 2* | *ആശുപത്രി തരം 3* |
|---|---|---|---|---|
| **MRA 8.1** | **മെഡിക്കൽ രേഖാ വിഭാഗം** | | | |
| 8.1.1 | കാലാകാലങ്ങളിലുള്ള കീടനിയന്ത്രണം | √ | √ | √ |
| **IRA 9.1** | **വിഭാഗങ്ങൾക്കോ വകുപ്പുകൾക്കോ ഉള്ള ചുരുക്കം ആവശ്യകതകൾ** | | | |
| 9.1.1 | ആട്ടോക്ലേവ് | | √ | √ |
| **IRA 10.1** | **ഇതര വിഭാഗങ്ങൾ/സേവനങ്ങൾ** | | | |
| 10.1.1 | മാലിന്യ നിർമാർജന സംവിധാനം | | √ | √ |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ. പി. എം. മുഹമ്മദ് ഹനിഷ്,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018 ലെ 2-ാം ആക്റ്റ്) 13-ാം വകുപ്പ് 1-ാം ഉപ വകുപ്പ് പ്രകാരം വിവിധ ഭാഗങ്ങളിലെ ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായ നിലവാരങ്ങൾ നിർണ്ണയിക്കുവാൻ സർക്കാരിന് അധികാരം നൽകുന്നു. മേൽപ്പറഞ്ഞ ആവശ്യത്തിലേക്കായി ചട്ടങ്ങൾ രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2024.02.29 10:18:38 +05:30